ജൂലൈ
2021
ലക്കം 7


# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം




www.malankaralibrary.com

# എഡിറ്റോറിയൽ



ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്ക് കീഴ്‌വഴങ്ങി പ്രാർത്ഥനയിലൂടെയും സന്യാസജീവിതക്രമത്തിലൂടെയും ബലം പ്രാപിച്ച്, സത്യത്തെ പുൽകുവാനായി സകലതും ഉപേക്ഷിച്ച് തന്റെ ജീവിതം യഥാർത്ഥ ക്രിസ്തു ശിഷ്യന്റെ ജീവിതമാക്കി മാറ്റിയ യുഗപുരുഷൻ ദൈവ ദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മപ്പെരു ന്നാളിനായി മലങ്കര സഭാ മക്കൾ നോമ്പോടുകൂടി ഒരുങ്ങുന്ന കാലഘട്ടമാ ണല്ലോ ഇത്. ജൂലൈ മാസം ഓരോ മലങ്കരക്കാരനെയും സംബന്ധിച്ചിട ത്തോളം ഹൃദയത്തിൽ ചേർത്തുവയ്ക്കുന്ന നമ്മുടെ പുണ്യപിതാവിന്റെ ഓർമ്മകളാൽ അനുഗ്രഹീതമായ നാളുകൾ.

മലങ്കരയുടെ സൂര്യ തേജസും പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽ പിയും, ഭാരത ന്യൂമാൻ എന്ന് വിശ്വവിഖ്യാതനുമായ മലങ്കരയുടെ പുണ്യ പിതാവിന്റെ ഓർമ്മകൾ അദ്ദേഹത്തിന്റെ പിൻതലമുറകൾക്ക് എന്നെന്നും ആവേശവും ജീവിതത്തിന്റെ വഴിത്താരകളിൽ മാതൃകയുമാണ്. അദ്ദേഹം ജീവിതത്തിൽ കാത്തുസൂക്ഷിച്ച മൂല്യങ്ങളും ഏതൊക്കെ കാര്യങ്ങൾക്കുവേണ്ടി അദ്ദേഹം സധൈര്യം നിലകൊണ്ടുവോ അവയുമെല്ലാം മാത്രമാണ് സത്യം എന്ന് കാലം തെളിയിച്ചു കൊണ്ടിരിക്കുന്ന ഈ നാളുകളിൽ പുണ്യ പിതാവിന്റെ കാലടികളെ സധൈര്യം നമുക്കും പിൻതുടരാം.

'നിങ്ങൾ കത്തോലിക്കരായതിൽ സന്തോഷിക്കുവിൻ' എന്ന് നമ്മെ പഠിപ്പിച്ച പുണ്യപിതാവ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാം ഓർമ്മ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*
*ചീഫ് എഡിറ്റർ*

www.malankaralibrary.com





കലുഷിതമായ വഴികളിൽ നിത്യജീവന്റെ തുടിപ്പിനെ വേർതിരിച്ചറിയുവാൻ കാലം കരുതിവയ്ക്കുന്ന സഹനവും ത്യാഗവും നിറഞ്ഞ ചില ജീവിതങ്ങളുണ്ട്. വിശ്വാസത്തിന്റെ നീർച്ചാലുകളിലൂടെ ജീവന്റെ ഉറവ കണ്ടെത്തുവാനും, ക്രിസ്തീയതയുടെ പൂർണതയിലേക്കെത്തുവാനും ഒരുവനെ പ്രാപ്തമാക്കുവാൻ തക്കവിധം ആത്മീയതയുടെ നീർച്ചുഴി കൊണ്ട് ജീവിതം കെട്ടിപ്പടുത്തിയുയർത്തിയവർ..... മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം പിന്നിട്ട നാൾവഴികളിലൊക്കെയും ക്രിസ്തുവെന്ന സ്നേഹത്തിന്റെ മൂലക്കല്ലായി സഭയ്ക്ക് പുനർജീവൻ നൽകുവാനും വഴിവിളക്കുമായി സഭയെ നയിക്കാനും വാത്സല്യത്തോടെ സഭമക്കളെ ചേർത്തുപിടിക്കാനും അവതാര പുരുഷനെപ്പോലെ പിറവിയെടുത്ത വലിയാചര്യന്റെ ഓർമപ്പെരുന്നാളിലൂടെ കടന്നുപോകുകയാണ്. നീണ്ട 68 വർഷങ്ങൾക്കിപ്പുറവും തെല്ലിട വ്യത്യാസമില്ലാതെ ആ പുണ്യതാതൻ സ്വർഗീയാനുഗ്രഹത്തിന്റെ പവിഴമുത്തുകൾ സഭാമക്കളിലേയ്ക്ക് പൊഴിച്ചുകൊണ്ടിരിക്കുകയാണെന്നതിൽ സംശയമില്ല.

വിശ്വാസരാഹിത്യത്തിന്റെ അനന്തരഫലങ്ങൾ നമ്മുടെ ചിന്തകളെ ചൂടുപിടിപ്പിക്കുമ്പോൾ, ഒറ്റപ്പെട്ടുപോയവന്റെ വേദനയെ അതിജീവിച്ചു വിശ്വാസം കൊണ്ട് വിജയം നേടിയ ആ താപസനെപ്പറ്റിയോർക്കുമ്പോൾ അഭിമാനത്തിനും അപ്പുറമുള്ള വികാരം മാത്രമേ സഭയ്ക്കുള്ളൂ. അനിർവചനീയമായ യാത്രകളിൽ സഞ്ചരിക്കേണ്ട വഴികളെ നിർവചിക്കുവാനും അനേകായിരങ്ങളെ അതിലേക്കാകർഷിക്കുവാനും കഴിഞ്ഞ പിതാവിനുള്ളിലെ മികച്ച വാഗ്മീകിയ്ക്കപ്പുറമല്ല മറ്റൊന്നും. കരുതലാകുവാനും കരുതലേകുവാനുമായി കച്ച മുറുക്കിയിറങ്ങിയ ഒരു വൈദികനിലൂടെ പുതുചരിത്രം പിറവിയെടുത്തപ്പോൾ നിലയ്ക്കാത്ത അടിയൊഴുക്കുകൾക്കെതിരെയുള്ള കാലത്തിന്റെ ശബ്ദമായി അത് മാറുന്ന കാഴ്ചയാണ് പിന്നീട് ലോകം കണ്ടത്. ഒരു രാത്രി കൊണ്ടുപേക്ഷിക്കേണ്ടിവന്നതിനെപ്പറ്റിയോർക്കാതെ മുന്നിലെ ദൗത്യങ്ങളിലേയ്ക്ക് കണ്ണുംനട്ടുകൊണ്ടുള്ള ദീർഘയാത്രയുടെ ഒടുവിൽ ദേഹം കൊണ്ട് വിടപറയുമ്പോഴും വിത്ത് വിതയ്ക്കാനെന്ന പോലെ സഭയുടെ മണ്ണിനെ വളക്കൂറുള്ളതാക്കി മാറ്റുവാൻ പിതാവിന് സാധിച്ചിരുന്നു എന്ന യാഥാർഥ്യബോധമാണ് പിന്നീടുള്ള സഭാവളർച്ചയിലൂടെ പ്രകടമാക്കപ്പെട്ടത്.

പുണ്യം തേടിയുള്ള ഓരോ യാത്രയും തീർത്ഥാടനമാകുമ്പോൾ.. യാത്രയിലുട നീളമുള്ള പങ്കാളികളും പാതകളും അനുഗ്രഹിക്കപ്പെടുമെന്നതിൽ സംശയമില്ല. എന്നാൽ പരിമിതികൾക്കുള്ളിലേയ്ക്കോതുങ്ങിനിന്ന് വീണ്ടുമൊരു ഓർമപ്പെരുന്നാളാചാരണവും ആത്മീയതുടെ ഹൃദയതാളത്തിൽ മാത്രമൊതുങ്ങിയ പദയാത്രയും രണ്ടാം തവണയും നമുക്കുമുന്നിൽ പുകമറ സൃഷ്ടിക്കുമ്പോൾ, കൂടുതൽ ആവേശത്തോടെ തടയണകളെ നുകരുവാനും വിശ്വാസം കൊണ്ട് തടസങ്ങളെ അതിജീവിക്കുവാനും നമുക്ക് പരിശ്രമിക്കാം.

**ജിത്ത് ജോൺ ഫ്രാൻസിസ്**
**എം.സി.വൈ.എം. പ്രസിഡന്റ്**

www.malankaralibrary.com




# പുണ്യഭൂമിയിൽ നിന്ന് ഒരു പുണ്യവാൻ...

**ജിതിൻ ഷാജി**
മാവേലിക്കര ഭദ്രാസനം

**“ശിശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്തനായി;
ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു.” (ലൂക്കാ 2 : 40)**

**ഓ**ണാട്ടുകരയുടെ കഥ പറയുന്ന, മതസൗഹാർദ്ദത്തിന് പേരുകേട്ട, ബുദ്ധവിഹാരങ്ങൾ നിറഞ്ഞുനിന്ന, യുനെസ്കോ പ്രത്യേക പരാമർശത്തിലൂടെ ആഗോളതലത്തിൽ പ്രശസ്തി ചാർത്തിത്തന്ന കുത്തിയോട്ടത്തിന്റെയും കെട്ടുകാഴ്ചകളുടെയും ഭൂമികയായ അനേകം പ്രൗഢ സന്താനങ്ങൾക്ക് ജന്മം നൽകിയ പുണ്യപുരാതന ഭൂമി.. മാവേലിക്കര... മാവേലിക്കര സുന്നഹദോസും മാവേലിക്കര പടിയോ ലയും, സഭയുടെ ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയിട്ടുള്ള പുതിയകാവ് പള്ളിയും ആംഗ്ലിക്കൻ മിഷണറിമാരുടെ പ്രവർത്തന കേന്ദ്രമായിരുന്ന ഇടക ക്രൈസ്റ്റ് ചർച്ചും നിറഞ്ഞുനിൽക്കുന്ന ഈ പുണ്യഭൂമി തന്നെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മസ്ഥലമായത് കാലത്തിന്റെ നിയോഗം.

മാവേലിക്കര പുതിയകാവിലെ സുപ്രസിദ്ധവും അതിപുരാതനവുമായ പണിക്കരുവീട്ടിൽ തോമാ പണിക്കരുടെയും അന്നാമ്മയുടെയും മകനായി 1882 സെപ്റ്റംബർ മാസം 21 (കന്നി 8) ന് ജനനം. അതും ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ദിനത്തിൽ തന്നെ. പുതിയകാവ് ദേവാലയത്തിൽ ജ്ഞാനസ്നാനത്തിനുശേഷം അവർ അവന് പേര് നൽകി ‘ഗീവർഗീസ്’. ആ വീടും ആ നാടും സ്നേഹത്തോടെ അവനെ വിളിച്ചു ‘കൊച്ചു കീവറീച്ചൻ’.



മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മാതാപിതാക്കൾ
പിതാവ് തോമ്മാ പണിക്കർ
മാതാവ് അന്നാമ്മ

ദൈവപരിപാലനയുടെ സാന്നിധ്യം ആവോളം ആസ്വദിച്ചറിഞ്ഞ ബാല്യകാലം. നാലു വയസ്സ് ആകുന്നതിനു മുമ്പേ കാളവണ്ടിയുടെ ചക്രത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സംഭവമടക്കം കാട്ടിത്തരിക അപകടങ്ങളിൽ നിന്നും രക്ഷിക്കുന്ന ആ അദൃശ്യകരങ്ങളെയാണ്, താങ്ങി നടത്തുന്ന ആ ദൈവികസാന്നിധ്യത്തെയാണ്. ദൈവത്തിന്റെ കൃപ എപ്പോഴും കൊച്ചു കീവറീച്ചന്റെ ഒപ്പമുണ്ടായിരുന്നു.

തോമാ പണിക്കരുടെ സഹോദരൻ സ്കറിയ കത്തനാർ അവിവാഹിത ജീവിതം നയിച്ച വൈദിക ശ്രേഷ്ഠനായിരുന്നു. മാവേലിക്കരയിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന പിതൃസഹോദരന്റെ ഭക്തിയും ഭരണ നൈപുണ്യവും കൊച്ചു കീവറീച്ചന്റെ മനസിൽ ദൈവസമ്പാദനത്തിന്റെ വിത്തുകൾ പാകുന്നതിന് ഏറ്റവും മികച്ച രീതിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടാവാം. ചെറുപ്പം മുതലേ ദേവാലയശുശ്രൂഷയിലും ദൈവിക കാര്യങ്ങളിലും വലിയ ശ്രദ്ധയും താൽപര്യവും കീവറീച്ചൻ പുലർത്തിപ്പോന്നതിന് ഇതും ഒരു കാരണമായിരിക്കാം.

അഞ്ചു വയസ്സായപ്പോൾ പുതിയകാവ് പള്ളിയോടു ചേർന്നുള്ള ദാവീദ് ആശാന്റെ കുടിപ്പള്ളിക്കൂടത്തിൽ ഗീവർഗീസിനെ എഴുത്തിനിരുത്തി. അവിടെ നിന്നാണ് അക്ഷരമാലയും കണക്കും പഠിച്ചത്. എഴുത്തും വായനയും കണക്കുകൂട്ടലും പഠിച്ചു കഴിയുമ്പോൾ അന്നത്തെ ഭൂരിഭാഗം കുട്ടികളെപ്പോലെ പഠിപ്പ് മതിയാക്കി മുതിർന്നവരെ കാർഷികവൃത്തിയിൽ സഹായിച്ച് മുന്നോട്ടു പോകാനുള്ള ഗീവർഗീസിന്റെ സാധ്യത അവസാനിപ്പിച്ചത് മകനെ പഠിപ്പിച്ച് വൈദികനാക്കണമെന്ന അമ്മയുടെ ആഗ്രഹമായിരുന്നു. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിൽ പിറന്ന മകന്റെ നിയോഗം അതാകും എന്ന് ആ അമ്മ കരുതി. ഇത് ഗീവർഗീസിന്റെ മുന്നിൽ തുറന്നുകൊടുത്തത് ഉപരിപഠനത്തിന്റെ വാതായനങ്ങൾ ആയിരുന്നു. സി.എം.എസ്. ഇംഗ്ലീഷ് സ്കൂളിലും പിന്നീട് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം മാവേലിക്കര കോട്ടയ്ക്കകത്തെ ഇംഗ്ലീഷ് സ്കൂളിലും. ഫോർത്ത് ഫോം വരെ അവിടെ തുടർന്നു.

പിന്നീട് ജീവിതത്തിലെ അടുത്ത വെല്ലുവിളി... പഠനത്തിൽ അതിസമർത്ഥനായ പി. ടി. ഗീവർഗ്ഗീസിനു മുന്നിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സാധ്യത ഒരു മരീചികയായി നിലകൊണ്ടു. വീട്ടിൽ നിന്ന് വിദൂരതയിലുള്ള കോട്ടയത്ത് മാത്രമാണ് അന്ന് ഹൈസ്കൂൾ പഠന സാധ്യത നിലനിന്നിരുന്നത്. അവിടേക്കുള്ള യാത്രാബുദ്ധിമുട്ടും താമസിച്ചു പഠിക്കുന്നതിനുള്ള സാഹചര്യം ഇല്ലാത്തതും തുടർവിദ്യാഭ്യാസം എന്നത് ഒരു സ്വപ്നം മാത്രമായി അവശേഷിക്കും എന്ന് എല്ലാവരും കരുതി. പക്ഷേ അപ്പോഴും ആ അമ്മയുടെ മനസ്സിലെ പ്രതീക്ഷകളുടെ ഉറവകൾ വറ്റിപ്പോയിട്ടില്ലായിരുന്നു. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത തമ്പുരാനെ പെറ്റ അമ്മച്ചിയോട് ആ അമ്മ കേണപേക്ഷിച്ചു. വേദനിക്കുന്നവരെ മറവിയുടെ പിന്നാമ്പുറങ്ങളിലേക്ക് ഉപേക്ഷിക്കാതെ കരുതലിന്റെ കരവലയത്തിൽ കാത്തുസൂക്ഷിക്കാൻ കഴിവുള്ള പരിശുദ്ധ ദൈവമാതാവ് ഇടപെട്ടത് പുലിക്കോട്ടിൽ തിരുമേനിയിലൂടെയായിരുന്നു. അങ്ങനെ മാവേലിക്കരയിൽ നിന്നും കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിലേക്ക്.





കത്തോലിക്കാ സഭയുമായുള്ള പുനരൈക്യം എന്ന ചിന്ത മൊട്ടിട്ടത് ഇക്കാലത്ത് തന്നെയായിരുന്നു. അമ്മയുമായി അടുത്തുള്ള കാത്തോലിക്കാ ദേവാലയത്തിൽ കടന്നുചെന്നപ്പോൾ അവിടെ അനുഭവവേദ്യമായ ശാന്തതയും ദൈവീകചൈതന്യവും കൊച്ചു കീവറീച്ചന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരുന്നു. അന്ന് ഉള്ളിൽ വീണ വിത്താണ് പിന്നീട് വളർന്നു പന്തലിച്ചത്.

പണിക്കരുവീട്ടിലെ കൊച്ചു കീവറീച്ചൻ ഇന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവായി വിളങ്ങി നിൽക്കുമ്പോൾ മാവേലിക്കരയുടെ മണ്ണും ഏറെ അഭിമാനിക്കുന്നു... ഈ പുണ്യപിതാവിന് ജന്മം നൽകിയതിന്... ആ ബാല്യസ്മരണകൾക്ക് വേദിയൊരുക്കിയതിന്... ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് 68 വർഷങ്ങൾ പിന്നിടുന്നു. തിരുമേനിയെ നേരിട്ട് കണ്ടിട്ടുള്ളവരുടെയും കേട്ടിട്ടുള്ളവരുടെയും എണ്ണം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിലും അവരെക്കാൾ വർദ്ധിതവീര്യത്തോടെ ഇന്ന് യുവതലമുറ പിതാവിനെപ്പറ്റി പറയുന്നുവെങ്കിൽ ഒന്നു തീർച്ച, തലമുറകൾക്ക് ആവേശമായി, ആത്മീയ സ്രോതസ്സായി, ഈ മഹാരഥൻ ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജ്വലിക്കുന്നു. മാവേലിക്കരയുടെ മണ്ണിൽ പിറന്നുവീണ്, ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന്, ദൈവാനുഭവത്തിന്റെ സന്യാസ വഴികളിലൂടെ കടന്നുപോയ ഈ ദിവ്യാത്മാവ്, ദൈവാനുഭവത്തിന്റെ വളക്കൂറുള്ള മാനവഹൃദയങ്ങളിൽ എന്നെന്നും പുനർജ്ജനിക്കുകയും ജീവിക്കുകയും ചെയ്യും. കാരണം 'ദൈവത്തിന്റെ കൃപ അവന്റെ മേൽ ഉണ്ടായിരുന്നു'.

ബാല്യകാലം മുതൽ തന്നെ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും കീവറീച്ചൻ പ്രകടിപ്പിച്ച അതീവതാൽപര്യം അവനെ ഏവരുടെയും സ്നേഹത്തിനും വാത്സല്യത്തിനും പാത്രീഭൂതനാക്കി. പഠനത്തോടൊപ്പം പ്രാർത്ഥനാ കാര്യങ്ങളിലും വലിയ തീക്ഷ്ണതയും താൽപര്യവും പുലർത്തിയ ബാല്യം. ദേവാലയത്തിൽ പോകുന്നതിനും പ്രാർത്ഥിക്കുന്നതിനും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും അവൻ ഔത്സുക്യം പുലർത്തിയിരുന്നു. സ്കൂളിൽ പോകുമ്പോഴും മടങ്ങുമ്പോഴും പുതിയകാവ് പള്ളിയിൽ കയറി ദീർഘസമയം പ്രാർത്ഥിക്കുക കീവറീച്ചൻ പതിവാക്കി. ഏതു കാര്യം ചെയ്യുന്നതിന് മുൻപും പിൻപും പ്രാർത്ഥിക്കുക എന്നത് അവൻ ശീലമാക്കിയിരുന്നു. സാധാരണ കുട്ടികളുടെ കുസൃതിയും കുഴപ്പങ്ങളും ഒന്നും പ്രകടിപ്പിക്കാത്ത കൊച്ചു കീവറീച്ചൻ അധ്യാപകരുടെ വാത്സല്യഭാജനമായിരുന്നു.





# ബഥനി മലനിരകൾ നല്ലൊരു കഥ പറഞ്ഞു തരും....

**അജോഷ് എം തോമസ്**
പത്തനംതിട്ട ഭദ്രാസനം

ചുരുങ്ങിയ കാലത്തെ തന്റെ പ്രവർത്തനങ്ങൾ കൊണ്ട് ഒരു പ്രദേശത്തിന് സർവ്വോന്മുഖമായ ആധ്യാത്മിക വികസന പ്രകാശകിരണങ്ങൾക്ക് പാത തെളിച്ച മഹാത്മാവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത. ക്രൈസ്തവ ആധ്യാത്മികതയുടെ അന്തഃസത്തയും പൗരസ്ത്യ സന്ന്യാസ നിയമങ്ങളും ആർഷഭാരത സംസ്കാരത്തിന്റെ ദർശനങ്ങളും ഉൾക്കൊണ്ട് പെരുനാട്ടിൽ ഒരു സന്യാസ സമൂഹത്തിന് അദ്ദേഹം തുടക്കം കുറിച്ചു. ഒരുപക്ഷേ കഴിഞ്ഞ ഒരു കാലം വരെ ഭരണാധികാരികളാൽ അധികം ശ്രദ്ധ ലഭിക്കാതിരുന്ന ആ പെരുനാടും മുണ്ടൻ മലയും സന്യാസ സമൂഹത്തിന്റെ ആവിർഭാവത്തോടെ മാറ്റങ്ങളിലേക്ക് ചിന്തിച്ച് തുടങ്ങി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് അടിസ്ഥാനമിട്ട, ആരംഭിച്ച മിശിഹാനുകരണ സന്യാസ-സന്യാസിനി സമൂഹം, കേവലം രൂപംകൊണ്ട സ്ഥലത്തു മാത്രമല്ല, ലോകം മുഴുവനും എന്തിനുവേണ്ടി ബഥനി സ്ഥാപിതമായോ ആ ഒരു ദീർഘവീക്ഷണത്തോടെ ഇന്നും ലോകം മുഴുവനും സേവനം ചെയ്യുന്നു.

## ഉപേക്ഷിക്കൽ

നിനക്കുള്ളതെല്ലാം ഉപേക്ഷിച്ച് കുരിശുമെടുത്ത് എന്നെ അനുഗമിക്കുക എന്നുള്ള ക്രിസ്തു വചനത്തെ ആധാരമാക്കി സകലതും ഉപേക്ഷിച്ച് ഒരു സന്യാസിക്ക് യോജിച്ചവിധം ക്രിസ്തുവിനുവേണ്ടി ഇറങ്ങുവാൻ വന്ദ്യ പിതാവ് തയ്യാറായി. ഈ ഒരു ഉപേക്ഷിക്കൽ ഒരുപക്ഷേ പിതാവ് സന്യാസം സ്വീകരിക്കുന്നതിന് മുമ്പ് തന്നെ സ്വീകരിച്ചിരുന്നു എന്ന് വേണം കരുതാൻ. സെറാമ്പൂർ കോളേജിൽ നിന്ന് ലഭിച്ചിരുന്ന

വരുമാനം പോലും തന്റെ സമുദായത്തിലെ വൈദിക വിദ്യാർഥികളുടെയും മറ്റുള്ളവരുടെയും വിദ്യാഭ്യാസ - അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് മാറ്റിവയ്ക്കുവാൻ കാണിച്ച ആ മഹാമനസ്സ്, ഒന്നും സ്വന്തമായി കൂട്ടി വയ്ക്കുവാൻ ഇല്ലാത്ത ഒരു സന്യാസിയുടെ മനസ്സിന്റെ വിശാലതയിലേക്കുള്ള ഒരു യാത്രയുടെ ആരംഭം ആയിരുന്നുവെന്ന് അനുമാനിക്കാൻ സാധിക്കും.

## സത്യാന്വേഷണം

താൻ കണ്ടെത്തിയ സത്യത്തിനുവേണ്ടി, ദൈവ സേവനമാണ് **ദൈവസമ്പാദനത്തേക്കാൾ ഉത്തമം** എന്ന ആപ്തവാക്യത്തെ ഹൃദയത്തിൽ സ്വീകരിച്ച് ഇറങ്ങിയ ആ സത്യാന്വേഷിക്ക് ഒരിക്കലും പിറകിലേക്ക് നോക്കേണ്ടി വന്നിട്ടില്ല. താൻ കണ്ടെത്തിയ സത്യത്തെ പുൽകുവാനുള്ള യാത്രയിൽ അദ്ദേഹം അനുചരന്മാരെയും മറ്റുള്ളവരെയും പങ്കാളികളാക്കി. തങ്ങൾക്കേൽക്കേണ്ടിവന്ന നിന്ദനകളും പരിഹാസങ്ങളും വേദനകളും ഒരിക്കലും ആ പുണ്യാത്മാവിനെയോ തന്നെ അനുഗമിച്ച സാധുക്കളെയോ ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്രയിൽ നിന്ന് പിൻമാറ്റിയില്ല.

## കർമ്മ വീഥിയിലെ മഹാചാര്യൻ

താൻ ആരംഭിച്ച ബഥനി നിലകൊള്ളുന്ന പ്രദേശത്ത് ഒരു പ്രകാശം പോലെ വിളങ്ങി നിന്ന വന്ദ്യ താതൻ, ആധ്യാത്മിക-ഭൗതിക മേഖലകളിലെ വിശപ്പ് ശമിപ്പിക്കുവാൻ ഒരു ഋഷിവര്യനായി അവരിലേക്ക് ഇറങ്ങിച്ചെന്ന്, ആ നാടിന്റെ എല്ലാമായി മാറുവാൻ അധിക കാലം വേണ്ടിവന്നില്ല.

## പെരുനാടും മുണ്ടൻമലയും ബഥനിയും

കക്ഷി വഴക്കുകളും വ്യവഹാരങ്ങളും മാത്രമായിരുന്നാൽ സഭ നശിക്കുമെന്ന കാഴ്ചപ്പാടിലാണ്




Bethany Ashram at Mundanmala, Perunad

പത്തനംതിട്ട ജില്ലയിലെ പെരുനാട് പ്രദേശത്തെ മുണ്ടൻമല ബഥനി സ്ഥാപനത്തിനായി പിതാവ് തിരഞ്ഞെടുത്തത്. ഏകദേശം 400 ഏക്കർ വരുന്ന പ്രദേശമാണ് ബഥനിക്കായി അദ്ദേഹം തിരഞ്ഞെടുത്തത്. വിവിധ വ്യക്തികൾ നൽകിയ തുക ഉപയോഗിച്ച് വാങ്ങിയ വസ്തുവകകളിലാണ് ബഥനി സ്ഥാപിക്കുന്നത്. (ഇന്നും സർക്കാരിന്റെ രേഖകളിൽ അത് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.)

## മുണ്ടൻമലയും പ്രദേശങ്ങളും

ധാരാളം മലനിരകൾ ചേർന്ന ഒരു വലിയ പ്രദേശമാണ് മുണ്ടൻമല നിരകൾ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവാണ് ആ മലനിരകൾക്ക് വിവിധ പേരുകൾ നൽകിയത്. ബഥനി മല, കാർമ്മൽ മല (ഇപ്പോഴത്തെ കാർമ്മൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലം), സെന്റ് മേരീസ് എന്നിങ്ങനെ






ധാരാളം മലനിരകൾ മുണ്ടൻമലനിരകളിൽ കാണുവാൻ സാധിക്കും.

## ബഥനിമല നിരകൾ നാടിന്റെ പ്രകാശ ഗോപുരം

തീർത്തും സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്താണ് ബഥനി ആശ്രമം നിലകൊണ്ടിരുന്നത്. വന്യമൃഗങ്ങളുടെ ശല്യം ഒരു ഭാഗത്തും ഭക്ഷ്യവസ്തുക്കളുടെ ബുദ്ധിമുട്ട് മറുഭാഗത്തും. ഈയൊരു അവസ്ഥ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വളരെ വിഷമത്തിലാക്കി. അങ്ങനെ ആരംഭിച്ച സംരംഭമാണ് “ബഥനി കഞ്ഞി”. ജാതി-മത-വർഗ്ഗ ഭേദമന്യേ ആർക്കും തങ്ങളുടെ വിശപ്പ് മാറ്റുന്നതിനാവശ്യമായ കഞ്ഞി അവിടെ നിന്ന് ലഭിച്ചിരുന്നു. “കഞ്ഞി വീഴ്ത്തൽ” എന്നായിരുന്നു അതിനു പറഞ്ഞിരുന്നത്. ഇപ്പോഴും മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ച പെരുന്നാട്ടിലെ ആശ്രമത്തിൽ ഒരു ഉപ്പ് മാങ്ങാ ഭരണി കാണുവാൻ സാധിക്കും. താരതമ്യേന വലിപ്പം കൂടിയ ആ ഭരണി നിറയെ ഉപ്പ് മാങ്ങാ അച്ചാർ ഉണ്ടായിരിക്കും. ബഥനിയിൽ നിന്നുള്ള കഞ്ഞിക്കൊപ്പം ഈ ഭരണിയിൽ നിന്നുള്ള മാങ്ങ ചേർത്ത് കഴിച്ചിരുന്നു.

പാവങ്ങളാണെങ്കിൽ ബഥനിയിൽ കഞ്ഞി കിട്ടും എന്ന ചൊല്ല് ആ നാട്ടിലെ ജനത കൈമാറി വരുന്നുണ്ട്. സാധാരണക്കാരായ മനുഷ്യർക്ക് ഓല ക്കുടിലുകൾ നിർമ്മിച്ച് നൽകിയിരുന്നു. ബഥനിയിൽ മാർ ഈവാനിയോസ് പിതാവ് തുടങ്ങിയ ബഥനി കഞ്ഞി നേർച്ച ഇപ്പോഴും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തീർത്ഥാടന കേന്ദ്രമായ പെരുനാട് കുരിശുമല ദൈവാലയത്തിൽ നടത്തിവരുന്നു.

സാധാരണക്കാരിൽ സാധാരണക്കാർ തിങ്ങിപ്പാർത്തിരുന്ന സ്ഥലത്ത് ആശുപത്രി സൗകര്യം ഇല്ലായിരുന്നു. പെരുനാട് പ്രദേശത്തെ ജനങ്ങൾ ഒന്നു ചേർന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ കണ്ട് സങ്കടം ഉണർത്തിക്കുകയും നിജസ്ഥിതി അന്വേഷിച്ച് ആശുപത്രി സ്ഥാപനത്തിനായി തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് കരം കെട്ടിയിരുന്ന ഒരേക്കർ സ്ഥലം വിട്ടുനൽകുകയും ചെയ്തു. ആ സ്ഥലത്താണ് ഇന്ന് സർക്കാർ ആശുപത്രി സ്ഥിതി ചെയ്യുന്നത്.

### സംഗ്രഹം

ചുരുങ്ങിയ കാലം കൊണ്ട് ഒരു പ്രസ്ഥാനത്തിന് ഒരു നാടിന്റെ മുഖഛായ തന്നെ മാറ്റിമറിക്കുവാൻ സാധിക്കുമെങ്കിൽ ആ സ്ഥാപകന്റെ ദീർഘവീക്ഷണവും ദൈവാശ്രയവും എന്ത് മാത്രം വലുതായിരിക്കും എന്നത് നമുക്ക് ഊഹിക്കാവുന്നതിലും അപ്പുറമാണ്. വന്ദ്യ പിതാവ് കൈ വച്ചത് ഒന്നും നശിച്ചു പോയിട്ടില്ലായെന്ന് കാലത്തെ സാക്ഷി നിർത്തി നമുക്ക് സ്ഥാപിച്ചെടുക്കുവാൻ കഴിയും. “ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവ സാമീപ്യം ലഭിക്കാവുന്നതല്ല”. (ഗിരിദീപം പേജ് 61) എന്ന് വന്ദ്യ തിരുമേനിക്ക് ബോധ്യപ്പെട്ടിരുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്ത വിശുദ്ധനാണെന്ന കാര്യത്തിൽ ആർക്കും തന്നെ സംശയമില്ല. പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അത് അംഗീകരിച്ച് കിട്ടുന്നതിനായി പ്രാർത്ഥിക്കാം. കലണ്ടർ കത്തിച്ചാൽ ചരിത്രം ചാരമാവില്ലല്ലോ. മാർ ഈവാനിയോസ് പിതാവ് ബഥനി സ്ഥാപിച്ചതും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുമെല്ലാം ഇന്നും ആ നാട്ടിലെ സർക്കാർ രേഖകളിൽ വ്യക്തമാണ്. സകലതും വിട്ടെറിഞ്ഞ ആ പുണ്യാത്മാവ് എല്ലാക്കാലവും നമുക്കും പരിശുദ്ധ സഭയ്ക്കും വേണ്ടിയും തമ്പുരാന്റെ പക്കൽ മാദ്ധ്യസ്ഥം യാചിക്കുന്നുണ്ട്.

**“അവന്റെ അസ്ഥികളെ കർത്താവ് സൂക്ഷിക്കുന്നു, അവയിലൊന്നുപോലും തകർക്കപ്പെടുകയില്ല.”**

(സങ്കീർത്തനങ്ങൾ 34 : 20)



# പുണ്യപിതാവിന്റെ കബറിങ്കൽ

**അഖിൽ പി. സാം**
തിരുവനന്തപുരം മേജർ അതിഭദ്രാസനം

മലങ്കര കാത്തോലിക്കാ സഭയ്ക്ക് മുഴുവനും ഒരു പുണ്യ മാസമാണ് ഈ ജൂലൈ മാസം. ദൈവ ദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ പ്പെരുന്നാൾ ആചരിക്കുന്ന മാസം. മലങ്കര സഭയൊ ന്നാകെ പ്രാർത്ഥനയുടെയും നോമ്പിന്റെയും തീക്ഷ് ണതയിൽ ജീവിക്കുന്ന ദിവസങ്ങൾ. നമ്മുടെ സഭയു ടേയും യുവജനപ്രസ്ഥാനത്തിന്റെയും ഊർജ്ജ സ്രോതസ്സാണ് നമ്മുടെ മാർ ഈവാനിയോസ് പിതാ വിന്റെ കബറിടം.

ഈ കബറിടം ഇന്ന് അനേകം അശരണർക്കും രോഗികൾക്കും ആശ്വാസ കേന്ദ്രമായി മാറിയിരിക്കുന്നു. പിതാവിന്റെ വിശുദ്ധിയുടെ പരിമളം ലോകമാകെ വ്യാപിച്ചിരിക്കുന്നു. ഇതിന്റെ തെളിവാണ് പിതാവിന്റെ കബറിടം തേടിവരുന്ന അനേകായിരം വിശ്വാസി സമൂ ഹങ്ങൾ. ഈ ഇടവകയിലെ ഒരു അംഗമെന്ന നിലയിൽ ധാരാളം അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. നമ്മുടെ സഹോദര സഭകളിലെ വിശ്വാസികളും അതുപോലെ വൈദികരും പിതാവിന്റെ കബറിടം സന്ദർശിക്കുമ്പോൾ ഈ പിതാവിന്റെ കരുതലും സ്നേഹവും അനുഗ്ര ഹവും എല്ലാം ഒരുപോലെ എല്ലാവർക്കും ലഭ്യമാ കുന്നു എന്നതിൽ അഭിമാനം തോന്നാറുണ്ട്.

യുവജനങ്ങളായ ഞങ്ങളെ സംബന്ധിച്ച് പിതാ വിന്റെ കബറിൽ വന്ന് പ്രാർത്ഥനയിൽ പങ്കുചേരു ന്നത് ഒരു ഉണർവ്വിന്റെ അനുഭവമാണ്. പിതാവ് നമ്മളെ വിട്ടുപിരിഞ്ഞ് പോയിട്ട് 68 വർഷങ്ങൾ പിന്നിടുന്നു. തിരുമേനിയെ കേട്ടവരുടേയും കണ്ടവരുടേയും തല മുറയുടെ എണ്ണം കുറഞ്ഞു വരുന്നു. അങ്ങനെയുള്ള മുതിർന്ന വിഭാഗം പറഞ്ഞതിന്റെ പതിൻമടങ്ങ് ആവേ ശത്തിലും തീക്ഷ്ണതയിലുമാണ് ഇന്ന് പുതുതലമുറ പിതാവിനെപ്പറ്റി പറയുന്നത് എന്നത് പിതാവിന്റെ




വിശുദ്ധിയുടെ നേർക്കാഴ്ച്ചയാണ്. തലമുറകൾക്ക് ആവേശമായി, ആത്മീയ സ്രോതസ്സായി ഇന്നും ആ കബറും കത്തീഡ്രൽ ദൈവാലയവും നമ്മുടെ ഹൃദയ ത്തിൽ ജ്വലിക്കുന്നു.

പുനരൈക്യ പ്രസ്ഥാനം 1930 ൽ ആരംഭിക്കുമ്പോൾ 5 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇന്ന് പിതാവിന്റെ ദൈവീക പദ്ധതിയിൽ നട്ടു നനച്ച ആ ചെടി വളർന്നു വലുതായി നാടിനും ദേശത്തിനും അനുഗ്രഹമായി മാറി. ദൈവീകമായ ഇടപെടലിന് നമ്മുടെ പുണ്യപിതാവ് കാരണഭൂതനായി.

ഒരു യുവാവ് എന്ന നിലയിൽ ആ കബറിടം എന്നും എനിക്കൊരു ശക്തിസ്രോതസ്സാണ്. വൈകുന്നേരങ്ങളിൽ കബറിൽ പിതാവിന്റെ അടുത്ത് അല്പസമയം ഇരുന്ന് പ്രാർത്ഥിക്കുമ്പോൾ മനസ്സിൽ ആർത്തിരമ്പുന്ന തിരമാലകൾ ശാന്തമാകുന്നു. പിതാവിന്റെ മുൻപിൽ എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുമ്പോൾ എന്തെന്നില്ലാത്ത സമാധാനം മനസ്സിൽ വന്നു ചേരുന്നു. എന്ത് പ്രതിസന്ധി വന്നാലും സന്തോഷം വന്നാലും ആദ്യം ഓടി കബറിങ്കൽ എത്തുന്നത് ജീവിതശൈലിയുടെ ഒരു ഭാഗമായിരുന്നു.

ജൂൺ മാസം അവസാനമാകുമ്പോൾ തന്നെ പള്ളിയിൽ ഒരുക്കങ്ങൾ ആരംഭിക്കും. കബറിന്റെയും പള്ളിയുടെയും ശുചീകരണ പ്രവർത്തനങ്ങൾ കാലാകാലങ്ങളായി മാറി വന്ന വികാരി അച്ചൻമാർ യുവജനങ്ങളായ ഞങ്ങളെയാണ് ഏല്പിച്ചിരുന്നത്. ഇടവകയിലെ യുവാക്കൾ എല്ലാംതന്നെ ആവേശത്തോടും പ്രാർത്ഥനയോടും കബറിങ്കലേക്ക് മലങ്കര സഭയെ വരവേൽക്കാനുള്ള ഒരുക്കങ്ങൾക്ക് നേതൃത്വം നൽകും.

പിതാവിന്റെ ചിത്രം അലങ്കരിക്കുന്നതും കബറിൽ പൂക്കൾ വയ്ക്കുന്നതും ഇന്നും എന്റെ ജീവിതത്തിന് അനുഗ്രഹത്തിനുള്ള കാരണങ്ങളായി നിൽക്കുന്നു എന്നതിൽ സംശയമില്ല.

ജൂലൈ മാസം ഒന്നാം തീയതി മുതൽ കബറിടം സദാ പ്രാർത്ഥനാമുഖരിതമാകും. രാവിലെ ആരംഭിക്കുന്ന പ്രാർത്ഥനകൾ വൈകുന്നേരം വിശുദ്ധ കുർബാനയും ഒപ്പമുള്ള ധൂപപ്രാർത്ഥനയോടും വചനപ്രഘോഷണത്തോടെയുമാണ് അവസാനിക്കുന്നത്. ധാരാളം ആളുകൾ ഇതിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാറുണ്ട്. കബറിങ്കൽ നടക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥനകളിൽ ചേർത്തുവെയ്ക്കാനായി ലഭിക്കുന്ന നാനാജാതി മതസ്ഥരുടെ നിയോഗങ്ങൾ തന്നെ പിതാവിന്റെ സ്വർഗ്ഗീയ മധ്യസ്ഥതയ്ക്ക് തെളിവാണ്. ഈ നിയോഗങ്ങൾ സമർപ്പിക്കുന്നവരുടെ എണ്ണം വർഷങ്ങളായി വർദ്ധിച്ചു വരുന്നു.

ജൂലൈ 14-ന് നടക്കുന്ന മെഴുകുതിരി പ്രദക്ഷിണത്തിൽ അനേകായിരം ജനങ്ങൾ എല്ലാ കൊല്ലവും പങ്കെടുക്കുന്നു. പ്രദക്ഷിണം ആരംഭിച്ച വർഷങ്ങളിൽ ആവശ്യമായ മെഴുകുതിരികളുടെ പതിൻമടങ്ങ് മെഴുകുതിരികളാണ് പിന്നീടുള്ള വർഷങ്ങളിൽ പ്രദക്ഷിണത്തിന് ഉപയോഗിച്ചത്. ഇതിൽ നിന്നുതന്നെ നമ്മുടെ സഭാമക്കളുടേയും ഇതരവിശ്വാസികളുടേയും സജീവമായ സാന്നിധ്യം ഈ പുണ്യ പ്രദക്ഷിണത്തിന് ഉണ്ടാകാറുണ്ട് എന്ന് സാക്ഷിക്കുന്നു. മെഴുകുതിരി പ്രദക്ഷിണം ഏറ്റം ഭക്തിനിർഭരമായി നടത്തുന്നതിന് നേതൃത്വം നൽകുന്നത് യുവാക്കൾ തന്നെയാണ്. ആദ്യ





കാലങ്ങളിൽ നമ്മുടെ ജില്ലയിലെ പ്രമുഖ ദൈവാലയങ്ങളിൽ നിന്ന് മെഴുകുതിരികൾ ശേഖരിച്ച് എണ്ണിത്തിട്ടപ്പെടുത്തി മനോഹരങ്ങളായ തിരിക്കാലുകളിൽ ഈ മെഴുകുതിരികൾ ക്രമീകരിച്ച് വെയ്ക്കും. ഇതിനായി യുവാക്കളുടെ ഒരു പ്രത്യേക ടീം തന്നെ ഉണ്ട്. രാത്രി വൈകിയും എല്ലാവരും ഒത്തുകൂടി ഈ കാര്യങ്ങൾ ക്രമീകരിക്കും. പിന്നീടുള്ള വർഷങ്ങളിൽ വിശ്വാസികളുടെ വലിയ പങ്കാളിത്തം കണക്കിലെടുത്ത് പുതിയ മെഴുകുതിരിക്കാലുകൾ വാങ്ങുകയും തയാറാക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഞങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ വളരെ വലുതാണ്. ഞങ്ങൾ എല്ലാവരുടേയും ജീവിതം തന്നെയാണ് അതിന് സാക്ഷ്യം.

നമ്മുടെ സഭയുടെ ചരിത്രത്തിൽ ഇടം നേടിയ ദിവസമാണല്ലോ 23-06-2014. കബറിടം കാനോനിക പരിശോധനകൾക്കായ് തുറന്ന് നൽകിയ ദിവസം. അതിനുള്ള മുന്നൊരുക്കങ്ങൾക്ക് ഇടവക യുവജന പ്രസ്ഥാനം മുന്നിൽനിന്നു. രാത്രിയും പകലും ഉറക്കമിളച്ചുള്ള ക്രമീകരണങ്ങൾ. ആ ദിവസങ്ങളെല്ലാം ഇന്നും മായാതെ മുന്നിൽനിൽക്കുന്നു. പള്ളിയിലെ എല്ലാ ക്രമീകരണങ്ങളും ബാവാതിരുമേനിയുടേയും വികാരിയച്ചന്റെയും നിർദ്ദേശപ്രകാരം സിസ്റ്റർ ആദർശമ്മയോട് ചേർന്നു നിന്ന് ചെയ്യാൻ സാധിച്ചത് യുവാക്കളായ ഞങ്ങൾക്ക് ജീവിതത്തിൽ ലഭിച്ച വലിയൊരു അനുഗ്രഹമായി കണക്കാക്കുന്നു.

നമ്മുടെ പിതാവ് കലുഷിതമായ സാഹചര്യങ്ങളോട് പടവെട്ടി, പ്രാർത്ഥനയിൽ തന്റെ പദ്ധതികളെ സമർപ്പിച്ചാണ് മുൻപോട്ട് നീങ്ങിയത്. ഈശോയുടെ കൈകളിലെ ഒരു ഉപകരണമായി നമ്മുടെ പിതാവ് മാറിയപ്പോൾ അദ്ദേഹം ഒരു വിശുദ്ധനായി ത്തീർന്നു. ഇന്ന് സമൂഹത്തിൽ കാണുന്ന കാഴ്ചകൾ പിതാവ് അന്ന് എടുത്ത തീരുമാനങ്ങൾ എത്രയോ ശരിയാണ് എന്ന് തെളിയിക്കുന്നതാണ്. ശാശ്വതസമാധാനത്തിനായി മാർ ഈവാനിയോസ് പിതാവ് സാർവ്വത്രിക സഭയെ പുൽകിയ അന്ന് അനുഭവിച്ച മാനസിക പീഡനങ്ങളുടേയും വിഷമതകളുടേയും പരിണിതഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന സമാധാനം. അന്ന് പിതാവിന് നേരിടേണ്ടിവന്ന കുറ്റപ്പെടുത്തലുകളും അപമാനങ്ങളും അത്ര തന്നെ ഇല്ലായെങ്കിലും ഇന്നും ചിലരുടെ ഭാഗത്ത് നിന്ന് അത്തരം പ്രവണതകൾ കാണാറുണ്ട്. ഇതിനുള്ള മറുപടി നമ്മുടെ പ്രാർത്ഥനയും അതുപോലെ തന്നെ നമ്മുടെ സഭ കാലാകാലങ്ങളായി കൈവരിച്ച ഔന്നത്യവുമാണ്.

മാർപാപ്പാ തിരുമേനിയെ തെരഞ്ഞെടുക്കുവാനുള്ള കർദ്ദിനാൾ സംഘത്തിൽ നമ്മുടെ സഭാതലവൻ ചേർക്കപ്പെട്ടതും ഈ സഭ സാർവ്വത്രിക സഭയുടെ അവിഭാജ്യ ഘടകമാണെന്നതിന്റെ തെളിവാണ്. ഇതെല്ലാം സംലഭ്യമായത് മാർ ഈവാനിയോസ് എന്ന കർമ്മയോഗി എടുത്ത ഏറ്റവും ഉചിതമായ തീരുമാനങ്ങളുടെ അനന്തരഫലമായാണ്. ഈ പിതാവിനെ നമുക്ക് നൽകിയ ദൈവത്തിന് നമുക്ക് നന്ദി പറയാം.

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചതുരത്തിൽ പിതാവിന്റെ ചിത്രം അനാവരണം ചെയ്ത് വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നത് കാണാൻ ഒരു സഭാതലവന്റെ പിന്നാലെ സഭയുടെ തീക്ഷ്ണതയുള്ള യുവജനപ്രസ്ഥാനത്തിലെ അംഗങ്ങളെന്ന നിലയിൽ നമുക്കും അണിചേരാം. അതിനായി പ്രാർത്ഥനയോടെ കാത്തിരിക്കാം.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ നമുക്ക് കോട്ടയായിരിക്കട്ടെ...........





# The Ivanian Dream

**Akash N Shaji**
Diocese of Puttur

There are over 45,000 denominations in Christianity. Christians who are roughly one third of world's population are divided into thousands of different denominations. While 21st century has the glorious fortune to witness some serious attempts to rectify the differences in the Church of our Christ by holding fraternity closer to our heart, the 19th century or in that case the earlier centuries post the great schism of 1054 carries the dark days of severance and strife. The Indian Syrian Christian community, the apostolic church formed by St. Thomas himself, with sublime history and traditions so golden and precious was also not an exception. The glorious Church of India was broken into pieces, filled with disputes and uncertainty. But for every dusk there shall be dawn and for every darkness there shall be light. Thus was the story of a great attempt, a bold and valiant effort of a Reunion. Strong in his faith and by holding the traditions and customs of the Malankara Church close to his heart, came a man walking towards God's unity so that they



all may be one – Geevarghese Mar Ivanios! The eminent pioneer of Malankara Reunion.

I would like to begin with a tale of our dear Bishop. During the Episcopal Ordina tion then, it was customary in the Jacobite Church to repudiate the Council of Chalc edon and Pope Leo but Geevarghese Rem ban , on the other hand, was adamant that he would not receive the Episcopal Ordination if he had to repudiate the Council and the Pope. The bishops later gave up in front of his firmness and ordained him without the said renunci ation. After the Episcopal ordination, Mar Ivanios made an "extra ordinarily" lengthy speech where he expressed his desire that the church might become one flock under one shepherd - The dream that led him towards the reunion. He was obstinate in his views, in his ideology and in his dream to stitch back the broken Church of Malankara together, a dream that requi red immense faith, courage and determina tion and in the end of the day Mar Ivanios stood strong and high upon his will power and made that dream possible. The path towards his dream wasn't an easy one, rather it was filled with obstacles, insults, and alienations. But Mar Ivanios was a strong man who rowed his boat against the fiercest and toughest of the streams to reach his destination. He had the obstinacy of St. Joseph who never gave up on God's will and here, the Catholic Communion was the God's will. That's the reason why Mr. G. K. Chesterton, well known as the Prince of Paradox called Mar Ivanios the 'Newman of the East'. On the occasion of Silver Jubilee of his Episcopal Consecration, His Eminence Cardinal Tiserant wrote to Mar Ivanios, "Your fidelity to the Holy Father, your zeal, your spirit of sacrifice, your fortitude in difficulties and your apostolic activities nourished by an intense faith and piety have enabled solid organization of the Syro-Malankara Catholic Church which by its catholic activities has become a beacon light of attraction and has added further lustre to the church". Today, 90 years after the catholic communion, the dream and labour of Mar Ivanios, The Malankara Syrian Catholic Church stands tall as the lantern of a new hope, a new hope towards unity in Christ. Our Church which was formed with just 5 people on 20th September of 1930 has now grown into an acclaimed community filled with vigour and zeal and is a torch bearer of commu nion and greatness in the universal church. Today, when we proudly stand as a Catholic, together in the great vision of our dear Bishop Mar Ivanios - The Malankara Syrian Catholic Church, we should never forget those tears that nurtured our Church and those selfless efforts which strengthened our faith. Let us be valiant and obstinate like Mar Ivanios and thrive together towards the greatness of God.



# പുണ്യപിതാവിന്റെ കബറിങ്കലേക്ക് ചരിത്ര നിയോഗവുമായി മൂവാറ്റുപുഴ ഭദ്രാസനം

**ബിച്ചു കുര്യൻ തോമസ്**
മൂവാറ്റുപുഴ ഭദ്രാസനം

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ അഞ്ചാമത്തെ ഭദ്രാസനമായി മൂവാറ്റുപുഴ ഭദ്രാസനം നിലവിൽ വരുന്നത് 2003 ജനുവരി പതിനഞ്ചിനാണ്. അവിഭക്ത തിരുവല്ല അതിഭദ്രാസനം പമ്പാ നദി മുതൽ വടക്കൻ മലബാറും കഴിഞ്ഞ് കന്ന്യ മണ്ണിൽ ഷിമോഗ വരെയും തമിഴ്നാട്ടിൽ നീലഗിരിയും കോയമ്പത്തൂർ ഈറോട് വരെയും വിസ്തൃതവും വിശാലവുമായിരുന്നു. മൂവാറ്റുപുഴ ഭദ്രാസനം നിലവിൽ വന്നതു മുതൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വലിയൊരു സ്വപ്ന സൗഭല്യമാണ് പൂവണിഞ്ഞത്. മധ്യ കേരളത്തിലെ പ്രധാന ജില്ലകളായ എറണാകുളം, തൃശൂർ, പാലക്കാട്, തമിഴ്നാട്ടിലെ കോയമ്പത്തൂർ, ഈറോട്, തരൂർ, സേലം എന്നീ മേഖലകളും ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിന്റെ ഭാഗങ്ങളും ഉൾക്കൊള്ളുന്ന വലുതും വ്യത്യസ്ത സാംസ്കാരികവുമായ ഒരു ഭൂമിയായി മൂവാറ്റുപുഴ ഭദ്രാസനം മാറിയെങ്കിൽ പുനരൈക്യത്തിന്റെ പ്രണീതാവായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഒരു പിൻതുടർച്ച മാത്രമാണെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിക്കുന്നു. 2018 ജൂലൈ മാസം 6-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഏകദേശം നൂറോളം പേരടങ്ങുന്ന സംഘമായി ആ പുണ്യനാഥന്റെ കബർ ലക്ഷ്യമാക്കി പ്രാർത്ഥനാ മഞ്ജരികളും ആത്മീയ പ്രാർത്ഥനകളും ഓരോ മാന്ത്രിക ചരടിൽ കോർത്ത് ഞങ്ങൾ നീങ്ങിയപ്പോൾ, കാറ്റും മഴയും ഒരു അനുഗ്രഹവർഷമായി ചൊരിഞ്ഞപ്പോൾ, മാർ ഈവാനിയോസ് പിതാവേ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ എന്ന പ്രാർത്ഥനാ മന്ത്രത്തോടെ, കൂടുതൽ പ്രാർത്ഥനകളും



ത്യാഗങ്ങളോടും കൂടി ഞങ്ങൾ കബറിങ്കലേക്ക് നടന്നടുത്തു. പിന്നീട് കണ്ടത് അടിയുറച്ച വിശ്വാസത്തിന്റെ ഉരുക്കുകോട്ടകളായി തീർന്ന പാദയാത്രികരായിരുന്നു. എട്ട് ദിവസങ്ങൾ, ഇരുന്നൂറോളം കിലോമീറ്ററുകൾ – ആവേശത്തോടെ ഞങ്ങൾ ഈ എട്ട് ദിവസങ്ങളും താണ്ടി ആ പുണ്യനാഥന്റെ കബറിങ്കൽ എത്തിയപ്പോൾ ആത്മനിർവൃതിയുടെ കരഘോഷമായിരുന്നു ഓരോ പദയാത്രികന്റെയും മനസ്സിൽ. ആർത്തിരമ്പുന്ന മഴയെ സാക്ഷിയാക്കി ആ കബറിൽ എല്ലാവരും വണങ്ങിയപ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവലായി ഈ പദയാത്ര മാറിക്കഴിഞ്ഞിരുന്നു. പിന്നീട് നടന്നുനീങ്ങിയ വഴിത്താരകളിൽ എല്ലാം തണലായി മരങ്ങൾ വെച്ചു പിടിപ്പിച്ച് യഥാർത്ഥ ഒരു മലങ്കര കത്തോലിക്കന്റെ കർത്തവ്യം നിറവേറ്റി തന്നെയാണ് ഞങ്ങൾ മുന്നോട്ട് നീങ്ങിയത്. പിന്നീട് ഓരോ കിലോമീറ്ററുകളിലും ദൈവദാസന്റെ സാക്ഷ്യമായി ഓരോ പദയാത്രികനും മാറിയപ്പോൾ സഹോദര സഭകളായ സീറോ മലബാർ, ലത്തീൻ, മാതൃ ഭദ്രാസനമായ തിരുവല്ല എന്നിവിടങ്ങളിലെ ദൈവാലയങ്ങൾ വിശ്രമകേന്ദ്രങ്ങൾ ഒരുക്കി പദയാത്രികരെ സ്വീകരിച്ചത് നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു. ഈ വർഷവും ഞങ്ങൾ വരുന്നു, പുണ്യത്തിന്റെ ആ കബർ ലക്ഷ്യമാക്കി, കുറേയേറെ സാക്ഷ്യങ്ങൾ കൈമുതലാക്കി....






# Aboon Geevarghese Mar Ivanios

**Manohar P**
Diocese of Marthandam

Aboon Geevarghese Mar Ivanios was the first Metropolitan Archbishop of the Syro-Malankara Catholic Church and Major Archdiocese of Trivandrum. Geevarghese Panicker was born in Mavelikkara, Kerala, India, on 21 September 1882 to Thomas Panicker and Annamma Panicker. Geevarghese Panicker had his early education in Protestant and government schools. From 1897 he attended M. D. Seminary High School, Kottayam and pursued his higher studies at Serampore College and Madras Christian College (M.C.C.). He completed his matriculation education in 1899, before which he received minor orders (of clerical life) on 20 September 1898. He was ordained deacon by Pulikkottil Dionysius, the then Malankara Metropolitan of Malankara Orthodox Syrian Church on 9 January 1900. He then continued his studies at CMS College, Kottayam and obtained a bachelor's degree in Economics and Indian History from Madras Christian College. In 1907 he took a Master's Degree (MA) with distinction from the same college. On his return from Madras, he was appointed principal of his alma mater, M. D. Seminary High School. During this time he led various schemes for the renewal of the Malankara Church. He organized basic church communities, commenced Bible conventions because of which he was popularly entitled as "Koodasha Shemmashan" (Deacon of Sacraments). He was ordained to the priesthood as P. T. Geevarghese on 15 September 1908 by Vattasseril Dionysius, the then Malankara Metropolitan of Malankara Orthodox Church. Geevarghese was popularly known as M .A. Achan, as he was the first priest with an M. A. degree in Malankara. At the same time, he took the initiative to empower the Malankara Church with hierarchical autonomy. He became instrumental to erect Catholicate for the Malankara Church on 5 September 1912. After the establishment of Catholicate in



1912, Malankara Church was divided into two, one under the leadership of Malan kara Metropolitan Vatteseril Dionysius (Bishop's party) and one under Antioch Jacobite Patriarch (Bava Party). Fr. P. T. Geevarghese was belonged to the Bishop's party. In 1912, Vattasseril Dionysius rece ived an invitation to attend a conference at Calcutta. Dionysius selected Fr. Geevar ghese to accompany him to Calcutta to attend the conference. At the conference, they met Dr. Howels, the Principal of Serampore College who requested the Metropolitan to avail the service of Geevarghese as the Professor of the College. The Metropolitan permitted Geevarghese to take up the task. He made use of this opportunity to educate the Malankara Youth. About 20 young people from Kerala reached Calcutta for higher education. He was ordained a bishop of the Malankara Orthodox Syrian Church by Baselios Geevarghese I on 1 May 1925. He received the name Geevarghese Ivanios. On 20 September 1930, Jacob Mar Theo philos, John Kuzhinapurath OIC, Deacon Alexander OIC and Chacko Kilileth made the Catholic profession of faith before Aloysius Maria Benziger OCD, the then Bishop of Kollam. Many of the members of both the Bethany orders also came into full communion with the Roman Catholic Church. This spawned the Syro-Malankara Catholic Church. Archbishop Mar Ivanios made a global influence through his ascetic life and endevours for the communion of Churches through the Re-union Movem ent which was essentially ecumenical in nature. He was a great force in the society through his pioneering efforts in the fields of education and dedication to the cause of the poor. Within twenty two years of his life as Metropolitan Archbishop of Trivandrum, he founded 78 Primary Schools, 18 Upper Primary Schools, 15 High Schools, 2 Teacher Training Schools and 1 Arts college.

As his health deteriorated, he recei ved the anointing of the sick for prelates (Kanthila Susrusha). He ordained Benedict Mar Gregorios as the Auxiliary Bishop of Trivandrum. He passed away to his eternal reward on 15 July 1953.

Ever since his demise, pilgrims flock to his tomb at St. Mary's Cathedral, Pattom, Trivndrum. Thousands join the Annual Padayatra (pilgrimage on foot) to his tomb from 10 – 15 July every year to celebrate his commemoration. He was declared the Servant of God in the Church on 14 July 2007 by His Beatitude Moran Mor Baselios Cleemis Catholicos, the Major Archbishop of the Malankara Catholic Church.



# ഒരു പദയാത്ര അനുഭവ സാക്ഷ്യം

**കുഞ്ഞുമോൻ**
പാറശ്ശാല ഭദ്രാസനം

**"ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്.
എൻെറ മേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല.
നേരേമറിച്ച് മറ്റെല്ലാവരെയുംകാൾ അധികം ഞാൻ അധ്വാനിച്ചു.
എന്നാൽ, ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അധ്വാനിച്ചത്." (1 കോറിന്തോസ് 15:10)**

ജീവിതത്തിലെ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കാൻ എന്നെ സഹായിച്ച ഒരു പകൽ നീളുന്ന ആത്മീയ യാത്ര, അതായിരുന്നു എനിക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്ര. എം.സി.വൈ.എം.ൽ അംഗമായതു മുതൽ കാഞ്ഞിരംകുളത്തു നിന്നും ആരംഭിക്കുന്ന മേഖല പദയാത്രയിൽ പങ്കെടുക്കുമായിരുന്നു. അനേകർ ത്യാഗം സഹിച്ച് റാന്നി പെരുനാട്ടിൽ നിന്നും കബറിങ്കൽ എത്തിച്ചേരുമ്പോൾ മേഖലാ പദയാത്രകൾക്കും പ്രാധാന്യമേറെയായിരുന്നു. ജൂലൈ 14 ന് ഏകദേശം 27 കിലോമീറ്റർ, കാഷായ വസ്ത്രധാരികളായ നൂറുകണക്കിന് വിശ്വാസികൾ പ്രാർത്ഥനാ മഞ്ജരികൾ ഉരുവിട്ടു കൊണ്ട് തിരുവനന്തപുരം നഗരമധ്യത്തിലൂടെ പട്ടത്തെ കബറിടം ലക്ഷ്യമാക്കി നീങ്ങുമ്പോൾ ഒത്തിരി പരിചയക്കാരെ കാണാമെങ്കിലും കബറിങ്കൽ എത്തിച്ചേരുമ്പോൾ പിന്നെ നിശബ്ദമായ പ്രാർത്ഥനയായിരിക്കും. ജീവിതത്തിൽ ഒന്നുമല്ലാതിരുന്നപ്പോൾ ആ വിശുദ്ധ സ്ഥലത്തെ നിശബ്ദത എന്നെ കൂടുതൽ ഒരുക്കുകയായിരുന്നു.


www.malankaralibrary.com



2016 ലെ പദയാത്രയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ ബാലരാമപുരം കഴിഞ്ഞ് പള്ളിച്ചൽ എത്തിയപ്പോൾ എന്റെ ഫോൺ ബെല്ലടിച്ചു. ആദ്യം ഞാൻ ശ്രദ്ധിച്ചില്ല, വീണ്ടും ബെല്ലടിച്ചപ്പോൾ ഞാൻ ഫോൺ എടുത്തു. മറുതലയ്ക്കൽ പോസ്റ്റുമാൻ ആയിരുന്നു, “പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് വന്നിട്ടുണ്ടല്ലോ”. ഞാൻ പറഞ്ഞു, “എനിക്കോ?” “അല്ല.. ചേട്ടന്”. ഞാൻ അപ്പോൾ തന്നെ ചേട്ടനെ വിളിച്ച് ആ സന്തോഷ വാർത്ത അറിയിച്ചു. യാത്ര തുടർന്നപ്പോൾ എന്റെ മനസ്സ് ശക്തമായ തീരുമാനങ്ങൾ എടുക്കുകയായിരുന്നു. അടുത്ത പദയാത്രയിൽ ഒരു സർക്കാർ ജോലിയെന്ന സ്വപ്നം. പിന്നീടുള്ള ദിവസങ്ങളിൽ എന്റെ മനസ്സിനെ ഒരുക്കി പലതവണ കബറിൽ പോയിരുന്ന് നിശബ്ദമായി പ്രാർത്ഥിച്ചു, കരഞ്ഞു. ഈ പ്രാർത്ഥന എന്നെ പഠനത്തിൽ ഏകാഗ്രമാക്കി. മറ്റുള്ളവരുടെ മുള്ള് വച്ച വാക്കുകൾ എന്നെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടേയുള്ളൂ. 2017 ജൂലൈ 14 ന് എനിക്ക് പദയാത്രയിൽ പങ്കെടുക്കാനായില്ല. കാരണം 15 ന് ഓർമ്മപ്പെരുന്നാൾ ദിനത്തിൽ ലക്ഷങ്ങൾ മാറ്റുരച്ച എൽ.ഡി.സി. പരീക്ഷയിൽ ഞാനും ഉണ്ടായിരുന്നു. പിന്നെ ഒരു വർഷക്കാലം എന്നെ സംബന്ധിച്ചിടത്തോളം കാത്തിരിപ്പിന്റെ നാളുകളായിരുന്നു, കൂടെ കുറ്റപ്പെടുത്തലുകളും അവഹേളനങ്ങളും. അവയെല്ലാം എന്റെ ഉള്ളിലെ നിശബ്ദത തടഞ്ഞുനിർത്തി. അടുത്ത ജൂലൈ 14 ന് വീണ്ടും പരിചിതരുടെ ചോദ്യശരങ്ങൾ, “ജോലി ഒന്നും ആയില്ലേ മോനെ?” ഞാൻ പറഞ്ഞു, “ഇല്ല ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്”.




അവരും ആശ്വസിപ്പിച്ചു, “എത്രയും വേഗം ജോലി ലഭിക്കട്ടെ”. അന്നും ആയിരക്കണക്കിന് പദയാത്രികരുടെ പ്രാർത്ഥന എനിക്കുവേണ്ടിക്കൂടിയാണെന്ന് തോന്നി. അങ്ങനെ വീണ്ടും ഒരു വർഷം കൂടി കടന്നുപോയി. ഇക്കാലയളവിൽ അനേകം തവണ കബറിങ്കൽ എത്തി എന്റെ മനസ്സിലെ വിഷമങ്ങളെ ഞാൻ സമർപ്പിച്ചു. വീണ്ടും ചരിത്ര നിയോഗം, 2019 സെപ്റ്റംബർ 20 പുനരൈക്യ ദിനത്തിൽ സർക്കാർ ജോലിയിൽ ആദ്യ പ്രവേശനം. ശേഷം 2020 ജൂലൈ 23 ന് ഞാൻ 2017 ൽ ഓർമ്മപ്പെരുന്നാൾ ദിനത്തിൽ എഴുതിയ പരീക്ഷ നൽകിയ ജോലിയിൽ പ്രവേശിച്ചു (എൽ.ഡി. ക്ലാർക്ക്).

ഇതൊരു സാക്ഷ്യത്തിനു പുറമേ എന്റെ ജീവിതം കൂടിയാണ്. എന്റെ ഇടവകയിലെ ഒരോ വിശുദ്ധ കുർബാനയുടെ അവസാനവും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തുന്നതിനായുള്ള പ്രാർത്ഥന ചൊല്ലാനുള്ള ഭാഗ്യവും എനിക്കുണ്ടായി. ഇനി പ്രിയ യുവജനങ്ങളോട്, ഇന്നത്തെ മഹാമാരി കടന്നുപോകും. ഈ പ്രതിസന്ധിയിൽ മനസ്സാന്നിധ്യം കൈവിടാതെ ഉറച്ച ദൈവവിശ്വാസത്തോടെ മുന്നേറൂ.




**Bincy Thankachen**
Diocese of Gurgaon

***Greetings in the name of Lord Jesus Christ.***

God showered millions of blessings for which I am grateful today. I am here to give my testimony of how I have changed as a person after experiencing Servant of God Archbishop Geevarghese Mar Ivanios.

I have always been a God fearing child and I never missed any opportunity to go to church. Soon, a phase came when I slowly started learning the importance of Malankara Catholic Church. It was in the year 2008 when I first came for Mar Ivanios pilgrimage with my brothers and sisters of Delhi. It was a new experience for me. First two years of pilgrimage was an opportunity of gathering, meeting friends and travelling together in train. I completed my schooling and went for graduation in Mar Baselios College, Trivandrum in the year 2010. Now I realised that all those was a plan of God. He wanted me to be little more closer to him along with the blessings of Mar



back to the normal normal life. This incident strengthened my belief towards Mar Ivanios Pithav. From 2016, I have been attending the padayatra for 5 days and each year is a new blessing for me. Also, I was trying for a better job  from some time. With the grace of Lord Almighty and the blessings of Mar Ivanios, I was able to find one in February 2020. Like everyone, I am also waiting for the pandemic to get over so that I can visit the tomb of Pithav and thank him for his blessings on me. I request people to enlighten our brothers and sisters around about Mar Ivanios pithav. Let us continue our mission towards him. Let us spread the word of God in all possible ways.

In place of our anxiety, give us your peace, Jesus Christ!






# വിശുദ്ധിയുടെ അനുഭവം നൽകിയ പദയാത്ര..


**ഹർഷ അന്ന എം. ബിജു**
തിരുവല്ല അതിഭദ്രാസനം


മലങ്കര സുറിയാനി കത്തോലിക്കാ സഭ എല്ലാ വർഷവും നടത്തിയിരുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിലെ കബറിങ്കലേക്കുള്ള യാത്ര സഭയ്ക്ക് എത്ര അനുഗ്രഹദായകമായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് ഒരു തീർത്ഥയാത്ര. അതൊരു സ്വപ്നമായിരുന്നു എനിക്ക്. സംഭവിക്കുമെന്ന് വിചാരിച്ചിരുന്നില്ല. അത് നൽകാനിടയുള്ള വെല്ലുവിളികളാണ് തീർത്ഥാടന പദയാത്രയെ പറ്റി ചിന്തിക്കുമ്പോൾ എന്നും അമ്മ പറഞ്ഞിരുന്നത്. 2013 മുതൽ എല്ലാ വർഷവും പദയാത്ര ജൂലൈ 11 ന് തിരുവല്ലയിൽ നിന്ന് തുടങ്ങി തിരുമൂലപുരത്ത് എത്തുമ്പോൾ സ്വീകരിക്കാനും പാണ്ടനാട് വരെ അനുധാവനം ചെയ്യാനും ഞങ്ങൾ കുടുംബസമേതം പോയിരുന്നു.

അപ്പോൾ പരിചയപ്പെടുന്ന എല്ലാ പദയാത്രികരോടും തിരുവനന്തപുരം വരെ പോകുമോ, പോയിട്ടുണ്ടോ എന്നൊക്കെ ചോദിക്കും. പലരും നല്ല അനുഭവങ്ങൾ പറഞ്ഞുതരും. എന്നാൽ സ്വന്തം കാര്യത്തിലെത്തുമ്പോൾ ഒരു ഭയം. 5 ദിവസത്തോളം ക്ലാസ് പോകും എന്നത് ഒരു ആശങ്ക. യാത്ര കഴിഞ്ഞാൽ ഉണ്ടാകുന്ന ക്ഷീണം, അത് മറ്റൊരു ആശങ്ക.

എന്തായാലും 2018-ൽ പ്ലസ്ടു കഴിഞ്ഞു. അടുത്ത പഠനത്തിന് ക്ലാസ് തുടങ്ങിയെന്നു മാത്രം. വെള്ളപ്പൊക്കം മൂലം അവധി. ഇത് നല്ലൊരു അവസരം. അമ്മ അനുവദിച്ചു. പള്ളിയിൽ നിന്ന് ആരെങ്കിലും കൂട്ടുണ്ടാവും എന്നു കരുതി. പക്ഷേ സമയമായപ്പോൾ ആരുമില്ല. വീണ്ടും ഭയം. അമ്മ വികാരിയച്ചനെ അറിയിച്ചു. തിരുമൂലപുരം മഠത്തിൽ നിന്ന് പോകുന്ന സിസ്റ്റേഴ്സുമായി ബന്ധപ്പെട്ടു. അവർ കൂടെ



അവരാകട്ടെ ഒരു പള്ളിയിലും വിശ്രമിച്ച തേയില്ല.. എന്തിന് ഇരുന്നുപോലും കണ്ടില്ല. അല്പം കൂടി വിശ്രമിക്കാം, മടുത്തു എന്ന് വിചാരിക്കുമ്പോഴേ കൂറി ലോസ് പിതാവ് നടന്നു തുടങ്ങും, 'പോകാം' എന്ന് പറഞ്ഞ്. പിന്നെ പിതാവി നൊപ്പം എത്താൻ ഓട്ടമാണ്. പാട്ടുകളും പ്രാർത്ഥനകളും ഉറക്കെച്ചൊല്ലാൻ പിതാവ് ഓർമ്മിപ്പിച്ചു കൊണ്ടേയി രിക്കും. ഇതര പദയാത്ര സംഘങ്ങളു മായി സംഗമിക്കുവാനായി കാത്തു നിൽക്കുമ്പോൾ പുറകോട്ട് നോക്കു മ്പോൾ മനസ്സു തുടിക്കും.. ആവേശം കൊള്ളും... ഇത്രയധികം പേരോ... എന്തു ഭംഗി ഈ കാഷായ വേഷധാരികളെ കാണാൻ... ആദ്യം തോന്നിയ ക്ഷീണമൊക്കെ കിലോമീറ്ററുകൾ താണ്ടും തോറും കുറഞ്ഞു വന്നു. മഴയും വെയിലും ഒന്നും പ്രശ്നമല്ലാതായി.

മനസ്സിന്റെ ആവേശം പക്ഷേ കാൽപാദം അങ്ങനെ അംഗീകരിച്ചു തന്നില്ല. കാലിന് ചെറിയ നീരും കുമിളകളും വന്നു തുടങ്ങി. പിന്നെ ചെരുപ്പ് ഉപ യോഗിക്കാൻ പ്രയാസമായി. അത് ബാഗിലാക്കി യാത്ര തുടർന്നു. ഇടയ്ക്ക് വല്ലാതെ തളർന്നപ്പോൾ ഒപ്പം വരുന്ന ആംബുലൻസിലേക്ക് കയറിക്കൂടാം എന്നു കരുതി.. പക്ഷേ വളരെ ക്ഷീണിതരായ സിസ്റ്റേഴ്സും പ്രായം ചെന്ന വൈദികരും വളരെ ത്യാഗത്തോടെ യാത്ര തുട രുമ്പോൾ അതു വേണ്ട എന്നു തന്നെ മനസ്സു പറഞ്ഞു.

തിരുവല്ല, വേങ്ങൽ പള്ളിയിലെ ഒരു കുടുംബം എല്ലാ വർഷവും പദയാത്രയിൽ പങ്കെടുക്കുന്നവരാണ്. അവരുടെ രണ്ടു ചെറിയ ആൺകുട്ടികൾ, അവർ എന്നെ കൂട്ടുപിടിച്ചു. വലത്തും ഇടത്തുമായി ചാഞ്ഞും ചരി ഞ്ഞും അങ്ങനെ മുന്നോട്ടു പോയി. എനിക്ക് ആ കുഞ്ഞു ങ്ങൾ ഒരു അത്ഭുതമായിരുന്നു. അവരുടെ സാന്നിധ്യം എന്നെ കൂടുതൽ ഊർജ്ജസ്വലയാക്കി.



യുണ്ട്. ഒരു പ്രയാസവുമുണ്ടാവില്ല എന്ന് പറഞ്ഞു ധൈര്യം തന്നു.

അങ്ങനെ 2018 ലെ പദയാത്രയ്ക്കായി ഇറങ്ങി. എന്തായിരുന്നു നിയോഗം എന്നു ചോദിച്ചാൽ ഹയർ സ്റ്റഡീസിന് ഉചിതമായ കോഴ്സ് തെരെഞ്ഞെടുക്കാൻ സഹായിക്കണം എന്നതായിരുന്നു. പ്ലസ് ടു കഴിയു മ്പോൾ എല്ലാവർക്കും ഉണ്ടാകുന്ന ആ ആശങ്ക എനി ക്കും ഉണ്ടായിരുന്നു.

യാത്ര ആരംഭിച്ചു. അപ്പോൾ മുതൽ മാലാഖ മാരെപ്പോലെ സിസ്റ്റേഴ്സ് എന്റെ ഒപ്പം ഉണ്ടായിരുന്നു. മോളേ, കുഞ്ഞേ എന്നു വിളിച്ച് ആ കരുതൽ ജൂലൈ 15 ന് തിരുവനന്തപുരത്തു വെച്ച് അമ്മയുടെ അടുത്ത് എന്നെ എത്തിക്കുന്നതു വരെ പൊതിഞ്ഞു നിന്നു.

പല തവണ ഈ പദയാത്ര പൂർത്തിയാക്കി യവർ, മലങ്കര സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ളവർ, ബാഹ്യ കേരള മിഷനിൽ നിന്നുള്ളവർ, വൈദികർ, വന്ദ്യപിതാക്കന്മാർ എല്ലാവരും ഒരുമിച്ച് പ്രാർത്ഥനകളും പാട്ടും ഭക്ഷണവും ഒക്കെയായി.... ഇന്ന് ഓർത്തെടുക്കുമ്പോൾ അത് വിശിഷ്ടമായ അനുഭവം തന്നെയാണ്. തിരുവല്ല അതിരൂപതയുടെ ബാനറിന് പിന്നിലും ബാനറേന്തിയും വിവിധ പള്ളികളിൽ കയറിയിറങ്ങി യാത്ര. കുറച്ചു നേരം മാത്രമുള്ള വിശ്രമം. കിലോമീറ്ററുകൾക്ക് ഇത്ര ദൈർഘ്യമുണ്ടെന്ന് ജീവിതത്തിൽ ആദ്യമായാണ് അനുഭവിച്ചത്. കാരണം വീട്ടുമുറ്റത്തു നിന്ന് സ്വന്തം വാഹനത്തിൽ മാത്രം യാത്ര പതിവാക്കിയിരുന്ന എനിക്ക് നടപ്പ് ഒരു ശീലമേ ആയി രുന്നില്ല.

അഭിവന്ദ്യ കൂറിലോസ് പിതാവുമൊത്ത് നട ന്നാൽ പോര, ഓടുകതന്നെ വേണം. പിതാവിന്റെ കാലു കളുടെ വേഗം എന്നെ അതിശയിപ്പിച്ചു. പള്ളികളിൽ എത്തുമ്പോൾ എവിടെങ്കിലും ഓടി ചെന്ന് ഇരിക്കാൻ കൊതിച്ചു. ഞങ്ങളോട് 'ഇരുന്നോളൂ.. വിശ്രമിച്ചോളൂ' എന്നൊക്കെ പിതാക്കന്മാർ പറയും. എന്നാൽ




മലങ്കര കത്തോലിക്കാ സഭയുടെ ഒരു പരിച്ഛേദം തന്നെ ഈ യാത്രയിൽ ഉണ്ടായിരുന്നു. സഭയിലെ ഏറ്റവും ചെറിയ ദൈവാലയങ്ങൾ. കെട്ടും മട്ടും കണ്ടാൽ ദൈവാലയമെന്നു പോലും തോന്നിക്കാത്ത ഇടവകയിലെ ജനങ്ങൾ, അവർ വളരെ ആവേശത്തോടെ ഞങ്ങളെ സ്വീകരിച്ചതും നല്ല ഭക്ഷണം തന്നതും ഇന്നെന്ന പോലെ ഓർമ്മിക്കുന്നു. എത്ര തികഞ്ഞ തീക്ഷ്ണതയോടെയാണ് അവർ ഈ ശുശ്രൂഷയുടെ ഭാഗമായത്. മലങ്കര കത്തോലിക്കാ സഭയിൽ ഇത്തരം അനേകം ചെറിയ ദൈവാലയങ്ങൾ ഇപ്പോഴുമുണ്ട്. സമ്പത്തും പ്രാഗല്ഭ്യവും പെരുമയും ഒന്നുമല്ല ഈ സഭാതനയരെ നയിക്കുന്നത്, തീക്ഷ്ണതയുള്ള ദൈവാശ്രയബോധമാണ്. നമ്മുടെ സഭയുടെ ആദ്യകാലങ്ങളും ഇതുതന്നെ സാക്ഷ്യപ്പെടുത്തുന്നു. പുനരൈക്യാനന്തര സഭാചരിത്രം തൊട്ടറിയാൻ ഈ പദയാത്രയിൽ ആദ്യന്തം പങ്കെടുത്താൽ മതി. ഒന്നുമില്ലായ്മയിൽ നിന്ന് ഇത്രത്തോളം വളർത്തിയ ദൈവമേ നന്ദി.

ചിട്ടയോടുകൂടിയ ഈ പദയാത്ര വഴിയാത്രക്കാരെയും പാതയ്ക്ക് ഇരുവശത്തും താമസിക്കുന്നവരെയും കച്ചവടക്കാരെയും അത്ഭുതപ്പെടുത്തിയിരുന്നു. അതേ, അകവും പുറവും പ്രാർത്ഥനാ ഗീതങ്ങളാൽ നിറഞ്ഞ മനുഷ്യസഞ്ചയത്തിന്റെ ഈ യാത്ര അത്രയ്ക്ക് ചന്തം നിറഞ്ഞതു തന്നെയായിരുന്നു.

അത്താഴം കഴിക്കാൻ എല്ലാവരും ഒന്നിക്കുമ്പോൾ, എല്ലാവരും കഴിച്ചിട്ട് നമുക്ക് കഴിക്കാം എന്ന് പറഞ്ഞ് സിസ്റ്റേഴ്സ് മാറിനിൽക്കും. അവരോടൊപ്പം കൂടിയ എന്നോട് കഴിച്ചോളൂ എന്നു പറഞ്ഞെങ്കിലും വിശപ്പ് കഠിനമായിട്ടും ഞാനും അവരോടൊപ്പം കാത്തുനിന്നു. പിന്നെയാകട്ടെ കഞ്ഞിയും പപ്പടവും മാത്രമാണ് കിട്ടിയത്. അപ്പോഴേക്കും കറികളൊക്കെ തീർന്നു കഴിഞ്ഞിരുന്നു.

രാത്രികളിൽ വിശ്രമിക്കാൻ ഒത്തുകൂടുന്ന മഠങ്ങളിൽ, കുളിക്കാൻ ഉപ്പിട്ട് ചൂടുവെള്ളം തന്ന് സിസ്റ്റേഴ്സ് ഞങ്ങളെ സ്നേഹത്തോടെ സ്വീകരിച്ചു. കാലിൽ പുരട്ടാൻ മരുന്നും തൈലവുമൊക്കെ തന്നു. വേദന കൊണ്ട് ചിലപ്പോഴൊക്കെ ഉറങ്ങാനായില്ല. അമ്മയുണ്ടായിരുന്നെങ്കിൽ കാലുതിരുമ്മിക്കാമായിരുന്നു എന്നു കൊതിച്ചു. പിന്നെ എപ്പോഴോ മയങ്ങിപ്പോയി.

തിരുവനന്തപുരം അടുക്കുമ്പോഴേക്കും ഉള്ളിൽ ആവേശം തിരതല്ലി. പട്ടം സെന്റ് മേരീസ് കത്തീഡ്രൽ അങ്കണത്തിലേക്ക് പ്രവേശിച്ചതും അവാച്യമായ ഒരു അനുഭൂതി. ആയിരങ്ങൾ ഒന്നിച്ചു ചേർന്ന ആ അങ്കണം. എല്ലാവരുടെയും ഉള്ളിൽ, ചുണ്ടിൽ പ്രാർത്ഥനാ മന്ത്രണം മാത്രം.

തുടർന്നു പ്രാർത്ഥനകളും മെഴുകുതിരി പ്രദക്ഷിണവും. ആ മെഴുകുതിരി പ്രദക്ഷിണത്തിന്റെ ആത്മീയ പ്രഭ പറഞ്ഞറിയിക്കാനാവില്ല.

മാർ ഈവാനിയോസ് എന്ന പുണ്യതാതന്റെ പരിശുദ്ധിയുടെ പരിമളം വിലസുന്ന ദൈവാലയാങ്കണം, കാതോലിക്കേറ്റ് പരിസരം ഇവ സമ്മാനിച്ച ദൈവസാന്നിധ്യത്തിന്റെ നിറവ്. ഹൃദയം തരളിതമായി. അവിടെ നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിക്കാൻ പോലുമായില്ല. എന്റെ ശരീരം മുഴുവനും ആത്മാവും മനസ്സും ചിന്തകളും എല്ലാം നേരത്തേ തന്നെ അവിടെയെത്തിയപോലെ! ഇനി എന്തു പറയാൻ.! എന്റെ ഉള്ളിൽ ഒരു ആലോചന വരും മുമ്പേ അത് ദൈവം അറിയുന്നു. 'മാർ ഈവാനിയോസ് വാഴ്ക വാഴ്ക...' ഈ പ്രാർത്ഥനാ ഗാനം ആലപിച്ച് തിരികൾ ഉയർത്തി മലങ്കര സഭ ഒന്നാകെ വിശ്വാസ പ്രഖ്യാപനം നടത്തി. ഒരേ സമയം നയനാനന്ദകരവും ഹൃദയാനന്ദകരവുമായിരുന്നു ആ കാഴ്ച. പിന്നീട് ശ്ലൈഹികാശീർവാദത്തിനായി ദൈവാലയത്തിന്റെ മട്ടുപ്പാവിൽ നിൽക്കുന്ന സഭാപിതാക്കന്മാർ. സ്വർഗം തുറക്കപ്പെട്ട അനുഭവം. പിറ്റേന്ന് വിശുദ്ധ കുർബാനയും സമ്മേളനവും കഴിഞ്ഞ്, അവിടെയെത്തിയ അമ്മയോടും അനുജത്തിയോടുമൊപ്പം തിരികെ പോരുമ്പോൾ പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത അനുഭവങ്ങളുടെ പട്ടിക. ദൈവമേ ഇനി എന്നാകും എനിക്ക് ഒരിക്കൽ കൂടി ഈ തീർത്ഥാടന പദയാത്രയിൽ ചേരാനാവുക, കാലം അനുകൂലമാവുക?


www.malankaralibrary.com



# Padayatra Testimony

**Libin David Samuel**
Diocese of Khadki - Pune

Throughout the Bible, God spoke to people in many ways, each unique and wonderful, through both dreams and visions. Many people use these two words interchangeably and in a way, they are similar too. Both involve our Lord giving direct revelation. However, one of the main differences is that dreams come to us during sleep while visions occur when we are awake. In fact, in Numbers 24:4, the oracle of one who hears the words of God, who sees the vision of the almighty." God uses dreams primarily to speak to us, reveal His plans, enable spirit-directed communication, warn of impending trouble, establish prophetic revelation and provide battle strategies. Visions, though comparable, have a different purpose. God uses visions to reveal Himself, His glory and to make Himself known and revealed.

Our Servant of God Mar Ivanios is a prime example of leading God's vision and mission and he has been an inspiration to all of us. I started the journey of the Mar Ivanios padayatra in 2011 and has been a continuous presence in the padayatra till 2019. The journey has been a true testimony in my life, as it gave me a clear vision in my Christian life. Servant of God has interceded at every juncture of my life and has given great succession in my life and a tribute to it, I used to intercede every year by walking through the padayatra. My successful career and Christian life have always been enriching as I could open to the lord in the intercession of Servant of God Mar Ivanios. It is a lifetime experience walking for five days and has really given me and my fellow MCYM members a motivation and inspiration through our bishops' life and vision. I am truly blessed to be called as a Malankarite and will always cherish every moment of blessing which I have got through all my pilgrimage walk. May we pray to the Lord that we get an opportunity again post this pandemic, to walk together in Christ and in the intercession of Servant of God Mar Ivanios.

Jai Yeshu... Jai MCYM...



# മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങളും സംഭാവനകളും

**മേഘ ജോജി**
ബത്തേരി ഭദ്രാസനം

**"ആയിരം മൈലുകളുള്ള ഒരു യാത്ര ആരംഭിക്കുന്നത് കേവലം ചെറിയ ഒരു ചുവടിൽ നിന്നുമാണ്"**

വിശ്വാസത്തിന്റെ ദീപശിഖയുമായി മലങ്കര കത്തോലിക്കാ സഭ ഈ യാത്ര ആരംഭിച്ചിട്ട് 91 വർഷങ്ങൾ പിന്നിടുന്നു. ഈ കാലഘട്ടത്തിലുടനീളം ആത്മീയവും ഭൗതികവുമായ വളർച്ച കൈവരിക്കാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മാർ ഈവാനിയോസ് എന്ന പുണ്യാചാര്യന്റെ ആദർശങ്ങളും കാഴ്ചപ്പാടുകളും സഭയുടെ ഈ വളർച്ചയിൽ പ്രേരകശക്തിയായി നിലകൊണ്ടിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പിതാവിനുണ്ടായിരുന്ന സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിൽ സഭ ഇന്നും വിജയിച്ചു നിൽക്കുന്നു.

യേശുവിന്റെ വചനത്തോട് എന്നും ചേർന്നുനിൽക്കുവാൻ മാർ ഈവാനിയോസ് പിതാവ് ശ്രമിച്ചിരുന്നു. വിദ്യാഭ്യാസ മേഖലയിൽ പോലും പിതാവിനു പ്രേരകശക്തിയായി നിലകൊണ്ടത് വിശുദ്ധ ബൈബിളിലെ ചില ഭാഗങ്ങളാണ് (യോഹ. 1 :1 -15, ലൂക്കാ 4:18-19). യേശുമിശിഹായാകുന്ന വചനത്തെ, ആ വെളിച്ചത്തെ മറ്റുള്ളവരിലേക്ക് പകർന്നു നൽകണമെന്ന് അദ്ദേഹം അത്യധികം ആഗ്രഹിച്ചിരുന്നു.



പൗരത്വബോധമുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന് ശ്രേഷ്ഠമായ പങ്കുണ്ടെന്ന് ആ പുണ്യാചാര്യൻ വിശ്വസിച്ചിരുന്നു. "എം. എ. അച്ചൻ" തന്റെ പൊതുപ്രവർത്തനം ആരംഭിക്കുന്നത് വിദ്യാ



Serampore University where M. A. Achen served as Professor (1912-18)

ഭ്യാസ പ്രവർത്തനത്തിലൂടെയാണ്. പിതാവിന്റെ കാഴ്ച്ചപ്പാടിൽ, ഒരു വ്യക്തിയുടെ വികസനത്തിന് ചുക്കാൻ പിടിക്കുന്നത് അവന്റെ അറിവിന്റെ ആഴമാണ്. ആത്മീയതലത്തിൽ എല്ലാ സഭകളും ഐക്യപ്പെടണം എന്ന് ആഗ്രഹിച്ചപോലെ സാമൂഹികതലത്തിൽ രാഷ്ട്രത്തിന്റെ ഉയർച്ചയിൽ ഒരു ഭാഗമാകണമെന്ന് പിതാവ് അത്യധികം ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി അദ്ദേഹം തിരഞ്ഞെടുത്ത ശക്തവും മൂർച്ചയേറിയതുമായ ആയുധമായിരുന്നു വിദ്യാഭ്യാസം. എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും ദൈവരാജ്യത്തിന്റെ അവകാശികളാണെന്നും പിതാവ് വിശ്വസിച്ചിരുന്നു. അതിനാൽ തന്നെ ജാതി-മത-വർഗ്ഗ ഭേദമന്യേ എല്ലാവരിലേക്കും വിദ്യയാകുന്ന വെളിച്ചം പകർന്നുനൽകേണ്ടത് തന്റെ ഉത്തരവാദിത്വമായി പിതാവ് കരുതി.

സമൂഹത്തിലെ അധഃസ്ഥിത വിഭാഗങ്ങൾക്കും പാവപ്പെട്ട ജനങ്ങൾക്കും സാക്ഷരതയിലൂടെ ഉയർച്ച ഉണ്ടാകുമെന്ന് പിതാവ് തിരിച്ചറിഞ്ഞു. ക്രൈസ്തവർ, അക്രൈസ്തവർ എന്ന വേർതിരിവില്ലാതെ സമൂഹത്തിലെ ഓരോരുത്തർക്കും അറിവ് പകരുന്നതിൽ പിതാവ് തീക്ഷ്ണതയുള്ളവനായിരുന്നു. വിദ്യാഭ്യാസ വളർച്ച ആത്മീയ ഉത്കർഷത്തിനും കാരണമാകുമെന്ന് പിതാവ് കണ്ടു. മലങ്കര സഭയുടെ യശസ്സും പ്രൗഢിയും തന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ തിരിച്ചുപിടിക്കാമെന്ന് അദ്ദേഹം കരുതി.

മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഏറ്റവും വലിയ തെളിവാണ് അദ്ദേഹം സ്ഥാപിച്ച 78 പ്രൈമറി സ്കൂളുകൾ, 18 യു.പി. സ്കൂളുകൾ, 15 ഹൈസ്കൂളുകൾ, 3 കോളേജുകൾ തുടങ്ങിയവ. തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ എന്ന നിലയിൽ മാർ ഈവാനിയോസ് തിരുമേനി നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ അനേകം ഇടവകകളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഒരുക്കി. സന്യാസിനികളുടെ നേതൃത്വത്തിൽ പെൺകുട്ടികൾക്ക് മാത്രമായി 4 ഹൈസ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് സ്ത്രീകളുടെ ഇടയിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളും അദ്ദേഹം ഏറ്റെടുത്തു. വിദ്യാ ഭ്യാസ മേഖലയിലുള്ള പ്രവർത്തനത്തിന് മകുടം ചാർത്തികൊണ്ട് 1949-ൽ അദ്ദേഹം മാർ ഈവാനിയോസ് കോളേജ് സ്ഥാപിച്ചു.

ഇന്ന് കേരളത്തിനകത്തും പുറത്തുമായി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ മാർ ഈവാനിയോസ് പിതാവിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ പൂർത്തീകരിക്കാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 68-ാം ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ അഭിവന്ദ്യ പിതാവിനാൽ സഭയ്ക്ക് നൽകപ്പെട്ട എല്ലാവിധ അനുഗ്രഹങ്ങൾക്കും സർവ്വശക്തനോട് നമുക്ക് നന്ദിയുള്ളവരായിരിക്കാം. യുവജനങ്ങളെന്ന നിലയിൽ സഭയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ നമുക്കും പങ്കാളികളാകാം.



മാർ ഈവാനിയോസ് കോളേജ്



# The Works of Mar Ivanios

**Amy Varghese**
USA & Canada

The Servant of God Mar Ivanios was a true visionary who lived from 1882 – 1953. During his time, he made a huge difference to the Malankara Catholic Church. In his early life, Mar Ivanios was heavily influenced by his uncle, who was a celibate Jacobite priest. His uncle was a role model who portrayed what a true servant of the church was and Mar Ivanios followed his example by joining the seminary at a very young age. He was an avid reader and had read the Bible three times just by the time he was in seminary. His teachers marveled at his vast knowl edge.

In addition to being a fervent reader, he also had the gift of speaking. People would gather to hear him talk about the Bible, as it was clear that the Holy Spirit was speaking through him. He would spend all his free time preaching the Word of God. As he spent more time meditating and reading, he began to wonder if the Jacobite Church was the true Church or not. He soon realized that the Catholic Church was the one true Church according to the scriptures and finally reunited the



Malankara Church with the Catholic Church.

In addition to being a leader of the Church, Mar Ivanios also advocated for the poor. More than bringing food and other essential items to the poor, he would also feed their soul with the Word of God. He was very vocal about the injustice of the caste system and the discrimination and oppression that the lowly faced. In particular, he advocated for the women who were looked down upon in the society back then. Mar Ivanios had a vision that all the people, regardless of race, gender, or religion, be looked upon through God's eyes.



Mar Ivanios believed that the best way to unite people and bring upon equality is through the power of education. He refused the notion that women couldn't worship or that they had to be submissive to their husbands. He believed that women were vital for the society as they were instrumental in raising the future generation. He dedicated his time and efforts into educating women and eventually founded the Bethany Congregation so that women could pursue higher religious studies.

Though Mar Ivanios paved a way for today's generation, unfortunately he was not appreciated by all during his lifetime. Like the prophets before him, he too was persecuted, especially by those he helped the most. After the reunion movement, many of his followers abandoned him and mocked him. He shared the cross of Christ especially in his last days of suffering. Yet, God lighted his pathway till the end of his days. Mar Ivanios is now considered a prophet of the Church. His presence remains in India through the Mar Ivanios College in Trivandrum, Kerala. Furthermore, his spirit remains in the hearts of all the Syro Malankara Catholic Church members that live in his legacy.

# സഭാതലസമിതി

### ഭദ്രാസന സന്ദർശനം







മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ 2021 ജൂൺ 10 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ സഭയിലെ 12 ഭദ്രാസനങ്ങളിലും ഓൺലൈൻ സന്ദർശനം നടത്തുവാൻ എം.സി.വൈ.എം. സഭാതല സമിതിക്ക് സാധിച്ചു.

എം.സി.വൈ.എം. ന്റെ രക്ഷാധികാരിയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി തിരുവനന്തപുരം മേജർ അതിഭദ്രാസന സന്ദർശന മീറ്റിങ്ങിൽ മുഴുവൻ സമയവും പങ്കുചേരുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ്, പുനെ-കട്കി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ്, ഗുഡ്ഗാവ് ഭദ്രാസന അഡ്മിനിസ്ട്രേറ്റർ വെരി റവ. ഫാ. വർഗ്ഗീസ് വിനയാനന്ദ് ഒ.ഐ.സി. എന്നിവരുടെ മഹനീയ സാന്നിധ്യം എം.സി.വൈ.എം. മീറ്റിങ്ങ് കൂടുതൽ അനുഗ്രഹീതമാക്കി.

**അയയ്ക്കപ്പെട്ടവൻ** (2021 ജൂൺ 16 മുതൽ 29 വരെ)

സുവിശേഷത്തിന്റെ സദ്വാർത്ത പ്രഘോഷിക്കാൻ അയയ്ക്കപ്പെട്ട അപ്പോസ്തോലൻമാരുടെ ജീവിതങ്ങളിലൂടെ ശ്ലീഹാ നോമ്പിന്റെ നാളുകളിൽ ഒരു യാത്ര.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ പതിമൂന്ന് നോമ്പിന്റെ ഓരോ ദിനവും കൂടുതൽ അർത്ഥവത്താകുന്നതിനും വിശുദ്ധ ശ്ലീഹൻമാരെ അടുത്തറിയുന്നതിനുമായി യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും സഭയിലെ 12 ഭദ്രാസനങ്ങളിലെ പ്രതിനിധികൾ - റോബി ജോൺ (മാവേലിക്കര ഭദ്രാസനം), സോണ സന്തോഷ് (മുവാറ്റുപുഴ ഭദ്രാസനം), അലീന തങ്കം ജയിംസ് (പുത്തൂർ ഭദ്രാസനം), ലിറ്റി സിജു (ബത്തേരി ഭദ്രാസനം), അലീന എലിസബത്ത് മാത്യു (പത്തനംതിട്ട ഭദ്രാസനം), ബ്ലസി എസ്. ലൂക്കോസ് (മാർത്താണ്ഡം ഭദ്രാസനം), രഞ്ജിത ആർ. ജെ (തിരുവനന്തപുരം മേജർ അതിഭദ്രാസനം), നിത്യ (പാറശ്ശാല ഭദ്രാസനം), ലൈജു കോശി മാത്യു (തിരുവല്ല അതിഭദ്രാസനം), ടെസി സൂസൻ ഫിലിപ്പ് (യു.എസ്.എ. & കാനഡ ഭദ്രാസനം), പ്രിൻസി മോഹൻ (ഖ്ടകി - പൂനെ ഭദ്രാസനം), ജാസൺ ഷെബി (ഗുഡ്ഗാവ് ഭദ്രാസനം) എന്നിവർ വിശുദ്ധ ശ്ലീഹൻമാരെക്കുറിച്ച് എം.സി.വൈ.എം. ഫേസ്ബുക്ക് പേജിലൂടെയും യൂട്യൂബ് ചാനലിലൂടെയും നമ്മോട് സംസാരിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയു


www.malankaralibrary.com



തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും പുനരൈക്യ സഹശിൽപിയുമായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ബഥനി സന്യാസ സമൂഹത്തിലെ മുതിർന്ന വൈദികനും അഭിവന്ദ്യ പിതാവിനെ നേരിട്ടു കണ്ടിട്ടുള്ളതുമായ ബഹുമാനപ്പെട്ട ലാസർ ഒ.ഐ.സി. അച്ചൻ പങ്കുവെച്ചു.

അഭിവന്ദ്യ പിതാവിനെക്കുറിച്ചുള്ള ഈ പങ്കുവയ്ക്കലിന് എല്ലാവിധ ക്രമീകരണവും ചെയ്തുതന്ന ബഹുമാനപ്പെട്ട ജയിംസ് മാത്യു ഒ.ഐ.സി. അച്ചന് സഭാതല സമിതിയുടെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### പരിസ്ഥിതി ദിനാചരണം

ജൂൺ 5, ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി മേജർ അതിഭദ്രാസന ഭാരവാഹികളോട് ചേർന്ന് യുവജനങ്ങൾ സ്വഭവനങ്ങളിൽ വൃക്ഷത്തൈ നട്ടു.

പരിസ്ഥിതി ദിനാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം വൃക്ഷത്തൈ നട്ടുകൊണ്ട് മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. അരുൺ ഏറത്ത് നിർവഹിച്ചു.

### മഴക്കാല പൂർവ്വ ശുചീകരണ യജ്ഞം

മഴക്കാലത്ത് സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാനുള്ള സാധ്യത കൂടുതലായതിനാൽ ജൂൺ 6 മുതൽ 13 വരെ മഴക്കാല പൂർവ്വ ശുചീകരണ യജ്ഞം നടത്തപ്പെട്ടു.

എല്ലാ യുവജനങ്ങളും സ്വന്തം വീടും പരിസരവും വൃത്തിയാക്കിക്കൊണ്ട് ഈ മഴക്കാല പൂർവ്വ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി.

### മേജർ അതിഭദ്രാസന നവതി ആഘോഷം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ നവതി ആഘോഷങ്ങൾ ജൂൺ 11-ാം തീയതി സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസന അധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ തിരുമനസ്സ് ഉദ്ഘാടനം ചെയ്തു. നവതി ആഘോഷങ്ങളുടെ ലോഗോ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

### മെഡിക്കൽ കിറ്റ്

കോവിഡ് മഹാമാരി രൂക്ഷമായ ഈ സാഹചര്യത്തിൽ മേജർ അതിഭദ്രാസനത്തിലെ കുടുംബങ്ങൾക്ക് മെഡിക്കൽ കിറ്റ് വിതരണം ചെയ്തു.

ഡയറക്ടർ ഫാ. അരുൺ ഏറത്ത്, പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ, ജനറൽ സെക്രട്ടറി ശ്രീ. ലിജു ബാബു കോട്ടവട്ടം, ട്രഷറർ ശ്രീ. ജിജു ജസ്റ്റിൻ കോഴിയോട്, വൈസ് പ്രസിഡന്റുമാരായ ശ്രീ. നിഖിൽ ജാക്ക്സൺ, ശ്രീ. ഷാരോൺ കെ. റെജി എന്നിവർ നേതൃത്വം കൊടുത്തു.

## പത്തനംതിട്ട ഭദ്രാസനം

### പാദമുദ്രകൾ




എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി.വൈ.എം യൂണിറ്റുകളിലെ കഴിഞ്ഞ നാളുകളിലെ ചരിത്ര സംഭവങ്ങളെ കോർത്തിണക്കികൊണ്ട് ചരിത്ര മാസിക തയ്യാറാക്കി.


www.malankaralibrary.com




## IVANIAN TALKS

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുനാളിനോടനുബന്ധിച്ച് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2021 ജൂൺ 30ന് വൈകുന്നേരം 7.00 മണിക്ക് അനുസ്മരണം നടത്തപ്പെട്ടു.

പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകി. നാലാഞ്ചിറ ബഥനി Nature Cure Centre ഡയറക്ടർ ഫാ. തോമസ് പ്രമോദ് ഒ.ഐ.സി അനുസ്മരണ പ്രഭാഷണം നടത്തി.

എം.സി.വൈ.എം. സഭാതല പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസ്, കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് റോഷ്ന മറിയം ഈപ്പൻ, കോന്നി വൈദിക ജില്ല മുൻ പ്രസിഡന്റ് സജി വർഗ്ഗീസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

## ഭൂമിക്കൊരു തണൽ 2.0

യുവജനങ്ങൾക്കിടയിൽ കൃഷിയെ കൂടുതൽ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി ഭദ്രാസന സമിതി ഭൂമിക്കൊരു തണൽ 2.0 എന്ന പേരിൽ ഒരു മത്സരം സംഘടിപ്പിച്ചു.




**മികച്ച കർഷകൻ:**

Joaquim Jose
Oottupara , Konni Eccl. Dist.

**പ്രത്യേക പരാമർശങ്ങൾ:**

1. Jais Abey Johnson
Mekozhoor, Ranni - Perunadu Eccl. Dist.

2. John Mathew
Vayyattupuzha, Seethathodu Eccl. Dist.






എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഓൺലൈൻ യൂണിറ്റ് സന്ദർശനം പത്തനംതിട്ട വൈദികജില്ലയിൽ പൂർത്തിയായി. ജില്ലയിലെ 21 യൂണിറ്റുകളും ഭദ്രാസന സമിതിയും ജില്ലാ സമിതിയും ഒത്തുചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലയിലെ മുഴുവൻ യൂണിറ്റുകളും അവരുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

എം.സി.വൈ.എം.ന്റെ ഭരണഘടന കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാനും ഭരണഘടനയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനുമായി 'എം.സി.വൈ.എം. ഭരണഘടന' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

വെബിനാറിന്റെ മുഖ്യാതിഥി കെ.സി.വൈ.എം. സംസ്ഥാന സമിതി ട്രഷറർ ശ്രീ. എബിൻ കുര്യാക്കോസ്, വളരെ മനോഹരമായും മികവോടെയും ക്ലാസ് നയിച്ച എം.സി.വൈ.എം. സഭാതല സമിതി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, ഒപ്പമായിരുന്ന ജില്ലാ ഡയറക്ടർ അച്ചൻമാർ, സിസ്റ്റർ ആനിമേറ്റേഴ്സ്, ജില്ലാ ഭാരവാഹികൾ, ഭദ്രാസന സമിതിയുടെ മുൻകാല നേതാക്കൻമാർ, മറ്റ് രൂപതകളിലെ നേതാക്കൻമാർ, കെ.സി.വൈ.എം. സംസ്ഥാന ഭാരവാഹികൾ, ഭദ്രാസന ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.




## മൂവാറ്റുപുഴ ഭദ്രാസനം


### ഇന്ധന വില വർദ്ധനക്കെതിരെ പ്രതിഷേധിച്ചു

ഇന്ധന വിലവർദ്ധന നടപടിക്കെതിരെ മൂവാറ്റുപുഴ രൂപതയിലെ യുവജനങ്ങൾ ജൂൺ 12 പ്രതിഷേധ



ദിനമായി ആചരിച്ചു. രൂപതയിലെ പലയിടങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ജൂൺ 12 ന് ബൈക്ക്, കാർ എന്നീ വാഹനങ്ങൾ തള്ളിയും പെട്രോൾ പമ്പിനു മുന്നിൽ പോസ്റ്ററുകൾ സ്ഥാപിച്ചും പ്രതിഷേധം അറിയിച്ചു.

### ദിവ്യകാരുണ്യ ആരാധന




എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന സമിതിയുടെ സോഷ്യൽ മീഡിയ വിങ്ങിന്റെ നേതൃത്വത്തിൽ മാസത്തെ ആദ്യ വെള്ളിയാഴ്ച ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.

### Green sunday

മൂവാറ്റുപുഴ ഭദ്രാസനത്തിലെ യുവജനങ്ങൾ



പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂൺ 6 ഗ്രീൻ സൺഡേയായി ആചരിച്ചു. ഭദ്രാസന സമിതി നടത്തിയ 'തളിർ 2021' ന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടും പരിപാലിച്ചും പച്ചക്കറി വിത്തുകൾ നട്ടുമാണ് ഗ്രീൻ സൺഡേ യുവജനങ്ങൾ ആചരിച്ചത്.

### Blood donation - മാതൃകയായി യുവജനങ്ങൾ

രൂപതാ സമിതിയുടെ നേതൃത്വത്തിൽ മേഖല തലങ്ങളിൽ യുവജനങ്ങൾ രക്തദാനം നടത്തി. രൂപതാ ഡയറക്ടർ ഫാ. കുര്യാക്കോസ് കരുതേടത് രക്തദാനം ചെയ്തു യുവജനങ്ങൾക്ക് മാതൃകയായി. ഇതോടൊപ്പം എം.സി.വൈ.എം. സഭാതല സമിതിയുടെ blood donation data collection നിൽ രൂപതയിലെ യുവജനങ്ങൾ രജിസ്ട്രർ ചെയ്തു.




www.malankaralibrary.com